# മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**എറണാകുളം**

**ആലങ്ങാട് ബ്ലോക്ക്**

**ആലങ്ങാട്  പഞ്ചായത്ത്**

**വാർഡ്-5 (ഇരവിപുരം )**

**സോഷ്യൽ ഓഡിറ്റ് കാലയളവ് :- 1/10/2018 to 31/3/2019**

**റിപ്പോർട്ട് തയാറാക്കിയത്**

**പ്രിൻസ് ഫ്രാൻസിസ്,**

**ബി.ആർ.പി.ആലങ്ങാട്**

**സോഷ്യൽ ഓഡിറ്റ് യൂണിറ്റ്**

**തിരുവനന്തപുരം**

## ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ൽ വിജ്ഞാപനം ചെയ്തു. എങ്കിലും , 2005-ൽ പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ൽ നമ്മുടെ രാജ്യത്തെ എല്ല ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു . ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷമതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. നിയമഭേദഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടി ചേർക്കുകയും ചെയ്തിട്ടുണ്ട്. 100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക ആനുപൂരകമായി എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് ഒരു കൂട്ടം അവകാശങ്ങൾ നൽകുന്നുണ്ട്.

ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തു പ്രദേശത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കർഷിക്കുന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചെലവഴിക്കുന്നതിനെപറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്.

**മഹാത്മാ ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ അവകാശങ്ങൾ ചുവടെ ചേർക്കുന്നു.**

| Sl no | **അവകാശങ്ങൾ** | |
|---|---|---|
| 1 | തൊഴിൽകാർഡിനായിഅപേക്ഷിക്കുവാനും15ദിവസ ത്തിനകംലഭിക്കുവാനുള്ളഅവകാശം | **ഷെഡ്യൂൾ** 2 |
| 2 | തൊഴിൽ ആവശ്യപ്പെടാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുള്ള അവകാശം | **ഷെഡ്യൂൾ** 1 |

| | | |
|---|---|---|
| 3 | 15 ദിവസത്തിനകം തൊഴിൽ ലഭിച്ചിലെങ്കിൽ തൊഴിലാല്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം | **സെഷൻ** 7,8,9 |
| 4 | എറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം. | |
| 5 | താമസ സ്ഥലത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം. | **ഷെഡ്യൂൾ** 2**പാരഗ്രാഫ്** 18 & **പാരഗ്രാഫ്** 20 |
| 6 | കുടിവെള്ളം ,തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ് ,തൊഴിലാളികളോടൊപ്പം അഞ്ചിൽ അധികം കുട്ടികൾ പ്രവൃത്തി സ്ഥലത്ത് വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ (ക്രഷ്) തുടങ്ങിയ പ്രവൃത്തി സ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം. | **ഷെഡ്യൂൾ**2 **പാരഗ്രാഫ്** 23-28 |
| 7 | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കുവാനുള്ള അവകാശം. | **സെഷൻ**3(2),6, sch 2 ,29,a,b,c,d,e,f.30 |
| 8 | തൊഴിൽ ചെയ്ത് 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം | |
| 9 | 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം | **സെഷൻ** 3(3) |
| 10 | പരാതികൾക്ക് സമയ ബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവു വരുന്ന തുകയുടെ തൽസമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം. | **സെഷൻ** 19, & **സെഷൻ** 17( 2) |

## അവകാശ അധിഷ്ഠിത നീരിക്ഷണങ്ങൾ

*,തൊഴിൽ കാർഡിനുള്ള ഫോട്ടോ തൊഴിലാളികൾ സ്വന്തം ചെലവിലാണ്

നൽകിയിട്ടുള്ളത് എന്നും മനസിലാക്കാൻ സാധിച്ചു. നാലു ആക്ടിവ് തൊഴിലാളികൾക് തൊഴിൽ കാർഡ് ലഭ്യമായിട്ടില്ല.

* ഫയൽ പരിശോധനയിൽ വ്യക്തമായ ഡിമാന്റ് ഫോറം കാണാൻ സാധിച്ചില്ല . അതിനാൽ തൊഴിലിനു അപേക്ഷിച്ചിട്ട 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചോ എന്ന കാര്യത്തിൽ വ്യക്തതയില്ല. ആയതിനാൽ തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നു അവർ തൊഴിലുറപ്പ് നിയമ പ്രകാരമല്ല തൊഴിൽ ആവശ്യപ്പെട്ടത് എന്ന് മനസിലായി.

*ഗ്രാമ സഭയിൽ പങ്കെടുക്കാറുള്ളതായി തൊഴിലാളികൾ പറഞ്ഞുവെങ്കിലും പദ്ധതി ആസൂത്രണത്തിൽ അവർ പങ്കെടുത്തിരുന്നോ എന്ന കാര്യം വ്യക്തമല്ല.

*തൊഴിലിടം സന്ദർശിച്ചതിൽ നിന്നും ,തൊഴിലാളികളോട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിലും എല്ലാ തൊഴിലാളികളും 5Km ചുറ്റളവിനുള്ളിലാണ് ജോലി ചെയ്യുന്നത്.

*തൊഴിൽ സ്ഥലത്ത് കുടിവെള്ളം, തണൽ എന്നിവ ഉണ്ടെങ്കിലും അവയെല്ലാം തൊഴിലാളികൾ സ്വന്തമായി ക്രമീകരിച്ചിരിക്കുന്നതാണ്.

*ആക്ട് പ്രകാരമുള്ള കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്. തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നും സമയ ബന്ധിതമായി കൂലി ലഭിക്കുന്നില്ല എന്ന് അറിയുവാൻ സാധിച്ചു.

* തൊഴിൽ പൂർത്തിയായതിനു ശേഷവും തൊഴിലുറപ്പ് നിർവ്വഹണ ഉദ്യോഗസ്ഥർ ഫണ്ട് ട്രാൻസ്ഫർ ഓർഡർ തയ്യാറാക്കിയതിനു ശേഷവും ,തൊഴിലാളികൾക്ക് അവരുടെ വേതനം കൃത്യമായി ലഭിക്കുന്നില്ല.
* പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിച്ചതായി അറിയാൻ സാധിച്ചിട്ടില്ല അതുപോലെ തന്നെ തൽസമയ സാമൂഹിക പരിശോധന കൃത്യമായി നടത്തുന്നതായി അറിയാൻ കഴിഞ്ഞട്ടില്ല.

## പൊതുവിവരങ്ങൾ -ആലങ്ങാട് ബ്ലോക്ക്

| | |
|---|---|
| ജില്ല | എറണാകുളം |
| ബ്ലോക്ക് | ആലങ്ങാട് |
| വിസ്തീർണ്ണം | **67.941** |
| ഡിവിഷനുകളുടെ എണ്ണം | **13** |
| ജനസംഖ്യ | **134688** |
| പുരുഷൻമാർ | **66574** |
| സ്ത്രീകൾ | **68114** |


| | |
|---|---|
| ജനസാന്ദ്രത | |
| സ്ത്രീ : പുരുഷ അനുപാതം | |
| മൊത്തം സാക്ഷരത | **92.68** |
| സാക്ഷരത (പുരുഷൻമാർ) | **1** |
| സാക്ഷരത (സ്ത്രീകൾ) | **1** |

## പൊതുവിവരങ്ങൾ -ആലങ്ങാട് പഞ്ചായത്ത്

| | |
|---|---|
| ജില്ല | എറണാകുളം |
| ബ്ലോക്ക് | ആലങ്ങാട് |
| വിസ്തീർണ്ണം | 21ച.കി.മീ. |
| വാർഡുകളുടെ എണ്ണം | 21 |
| ജനസംഖ്യ | 47329 |
| പുരുഷൻമാർ | 23204 |
| സ്ത്രീകൾ | 24125 |
| ജനസാന്ദ്രത | 225 |
| സ്ത്രീ : പുരുഷ അനുപാതം | 2 |
| മൊത്തം സാക്ഷരത | 96 |
| സാക്ഷരത (പുരുഷൻമാർ) | 21 |
| സാക്ഷരത (സ്ത്രീകൾ) | 2 |

Source : Census data 2011

## ആലങ്ങാട് പഞ്ചായത്ത് മാപ്പ്




## വാർഡ്5 ഇരവിപുരം

## അടിസ്ഥാനവിവരങ്ങൾ

ആകെ കുടുംബങ്ങളുടെ എണ്ണം :326
എസ് സി കുടുംബങ്ങളുടെ എണ്ണം

**ആശ്രയ കുടുംബങ്ങൾ എണ്ണം :8**

**അതിർത്തികൾ**

പടിഞ്ഞാറ് : കരുമാല്ലൂർ പഞ്ചായത്ത്

വടക്ക് : ആറാം വാർഡ്

തെക്ക്: എട്ടാം വാർഡ്

കിഴക്ക് : ആറാം വാർഡ്

**പ്രധാന സ്ഥാപനങ്ങൾ**

അംഗൻവാടി :ഒരു എണ്ണം , (31 നമ്പർ,)

കെ.ഇ.എം.എച്ച്.എച്ച്.എസ്.ആലങ്ങാട്

ബീവറേജെസ് കോർപ്പറേഷൻ

ഹെൽത്ത് സബ് സെന്റെർ

**പ്രധാന വിളകൾ** :, കപ്പ, വാഴ, നാളികേരം

**കുടുംബങ്ങളുടെ സാമ്പത്തിക അവസ്ഥ**: ഇടത്തരം സാമ്പത്തിക കുടുംബങ്ങൾ

**പാരിസ്ഥിതിക ഘടകങ്ങൾ**

1. വീട്ടുകളിൽ കൂലിവേല ചെയ്യുന്നതൊഴിൽ ചെയ്യുന്ന നല്ല ശതമാനം ജനസംഖ്യ .

2 ഇരവിപുരം തോട്ടിലേക്കാണ് സ്കൂൾ ,ഹോട്ടൽ,വീട്ടുകളിൽ നിന്നുമുള്ളഭക്ഷണഅവശിഷ്ടങ്ങൾ,അഴുക്ക് വെള്ളം എന്നിവ പുറംതള്ളുന്നതായി ശ്രദ്ധയിൽപ്പെട്ടു.

3.പെരിയാറിന്റ കൈവഴി തോട്ടെള്ളിയും,പായലും,നിറഞ്ഞു വെള്ളത്തിന്റ ഒഴുക്കിനുതടസം നേരിടുകയാണ്

4.പശുക്കൾ ഉള്ള വീട്ടുകളിൽ ചാണകം കുഴികളിൽ നിക്ഷേപികത്ത തിനാൽ വീട്ടുമുറ്റത്ത് തന്നെകിടക്കുന്നു മണവും ശാരിരിക അസുഖ പിടിപെടാനും സാധ്യതയുണ്ട്.

## സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

- .ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി, വാർഡ് മെംബർ, മഹാത്മാ ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജീവനക്കാർ സോഷ്യൽ ഓഡിറ്റ് അംഗങ്ങൾ എന്നിവർ ചേർന്ന യോഗത്തിൽ സോഷ്യൽ ഓഡിറ്റിനെക്കുറിച്ചും, വാർഡ് ൽ ചെയ്യുന്ന സോഷ്യൽ ഓഡിറ്റ് പ്രവർത്തങ്ങളെകുറിച്ച് ചർച്ച ചെയ്യൽ .
- കഴിഞ്ഞ6 മാസത്തിൽ ചെയ്ത പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ , MIS എന്നിവ പരിശോധിക്കൽ
- പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തി ഇടങ്ങൾ പരിശോധിക്കുകയും, ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിച്ചു .
- ഗുണഭോക്താക്കളോട് പ്രവൃത്തിയുടെ ഗുണഫലങ്ങൾ ചർച്ച ചെയ്തു,
- തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരെയും, സജീവ തൊഴിലാളികളെയും കണ്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു .

➔ വിവരശേഖരണാർത്ഥം പഞ്ചായത്തിലെ ഉദ്യോഗസ്ഥർ, ഓഫീസിലെ ജീവനക്കാർ, ബ്ലോക്ക് പഞ്ചായത്തിലെ ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരെ അഭിമുഖങ്ങൾക്കും ചർച്ചകൾക്കും ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷനും വിധേയമാക്കി.

➔ ഫീൽഡ് പ്രവർത്തനങ്ങളുടെയും, ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ

## പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവർത്തികൾ

| **Sl** | **വർക്ക് കോഡ്** | **പ്രവർത്തിയുടെ പേര്** | **പദ്ധതി ആരംഭം** | പദ്ധതി അവസാനം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചെലവ് | തൊഴിൽ ദിനങ്ങൾ |
|---|---|---|---|---|---|---|---|
| 1 | **1608001001/LD/240507** | പെരിയാർ ട്ട പെരിയാർ നീർത്തടത്തിൽ തരിശു ഭൂമി/പഴ്ഭൂമി കൃഷിക്ക്അനുയോജ്യമാക്കൽ | 1-10-2018 | 222-10-2018 | 150000 | 147153 | 543 |
| 2 | **1608001001/LD/323745** | പെരിയാർ ട്ട പെരിയാർ നീർത്തടത്തിൽ തരിശു ഭൂമി/പഴ്ഭൂമി കൃഷിക്ക്അനുയോജ്യമാക്കൽ | 30-10-2018 | 11-12-2018 | 150000 | 149321 | 551 |
| 3 | **1608010001/LD/327494** | സില്റ്റ്നീക്കം ചെയ്ത്ഭൂമികൃഷിക്ക്അനുയോജ്യംആക്കൽ | 1-2-2019 | 26-2-2019 | 315000 | 310044 | 1144 |
| 4 | **16080010014/LD/327495** | സില്റ്റ്നീക്കം ചെയ്ത്ഭൂമികൃഷിക്ക്അനുയോജ്യംആക്കൽ | 3-1-2019 | 24-2-2019 | 300000 | 142817 | 1099 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | **1608001001/RC/268697** | നല്ലേല്ലിപ്പടി നടപാതനിർമാണം | 10-11-2018 | 17-11-2018 | 130000 | 105984 | Us=37<br>SS=6<br>S=2 |
| 6 | **1608001001/IF/398285** | തൊഴുത്ത് നിർമാണം സ്മിത ജോസ് | 8-3-2019 | 12-3-2019 | 73972 | 45729 | 23 |

**22 ഡൊക്യുമെന്റ്സ്**

1. **കവർപേജ്**

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം കവർപേജിൽ പഞ്ചായത്ത് വിവരങ്ങൾ, ജില്ല, പ്രവർത്തി നടപ്പിലാക്കിയ വിവരങ്ങൾ, അടങ്കൽ തുക, ആകെ ചെലവ്, നടത്തിയ തീയതി, മുതലായ വിവരങ്ങൾ രേഖപെടുത്തേണ്ടതാണ്. പരിശോധിച്ച 6 ഫയലുകളിൽ 4 പ്രവർത്തിയിൽ വാർഷിക മാസ്റ്റർ സർക്യൂലർ പ്രകാരമുള്ള കവർ പേജ് കാണാൻ സാധിച്ചു എന്നാൽ 2 ഫയലുകളിൽ വാർഷിക മാസ്റ്റർ സർക്യൂലർ പ്രകാരമുള്ള കവർ പേജ് കാണാൻ സാധിചില്ല. .

**2. ചെക്ക് ലിസ്റ്റ്**

വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും, അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട ചെക്ക് ലിസ്റ്റ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്. പരിശോധിച്ച 6 ഫയലുകളിൽ വാർഷിക മാസ്റ്റർ സർക്യൂലർ പ്രകാരമുള്ള ചെക്ക് ലിസ്റ്റ് കാണാൻ സാധിചില്ല. .

**3. ആക്ഷൻപ്ലാൻ കോപ്പി**

പരിശോധിച്ച 6 ഫയലുകളിൽ 2 ഫയലിൽ വാർഷിക മാസ്റ്റർ സറക്യൂലർ പ്രകാരം നിർബന്ധമായും ഉണ്ടായിരിക്കേണ്ട ആക്ഷൻ പ്ലാനിന്റെ കോപ്പി കാണാൻ സാധിച്ചു. 4 ഫയലിൽ ആക്ഷൻ പ്ലാനിന്റ കോപ്പി കാണാൻ സാധിചില്ല.

**4. എസ്റ്റിമേറ്റ് കോപ്പി**

പരിശോധിച്ച 6 ഫയലുകളിലും സെക്യൂറിൽ നിന്നുമെടുത്ത എസ്റ്റിമേറ്റിൽ കോപ്പി കാണാൻ സാധിച്ചു.എന്നാൽ എല്ലാ ഫയലിലും സർവ്വേ ഡാറ്റ ,ജനകീയ എസ്റ്റിമേറ്റ് എന്നിവ ഉണ്ടായിരുന്നില്ല.മാത്രമല്ല, എസ്റ്റിമേറ്റിന്റ കോപ്പിയിൽ അക്രഡിക്യൂഡ് എഞ്ചിനീയരുടെ ഒപ്പ്, സീല് എന്നിവ ഉണ്ടായിരുന്നു.

**5. സാങ്കേതികാനുമതി**

പരിശോധിച്ച 6 ഫയലുകളിൽ സെക്യൂറിൽ നിന്നെടുത്ത സാങ്കേതികനുമതിയുടെ കോപ്പി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് സീൽ തീയതി മുതലായവ കാണാൻ സാധിച്ചില്ല.

**6. ഭരണാനുമതി**

പരിശോധിച്ച 6 ഫയലുകളിൽ സെക്യൂറിൽ നിന്നെടുത്ത സാങ്കേതികനുമതിയുടെ കോപ്പി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് സീൽ തീയതി മുതലായവ കാണാൻ സാധിച്ചില്ല.

**7. സംയോജിത പദ്ധതി**

പരിശോധനയ്ക്ക് വിദേയമാക്കിയ 6 പ്രവർത്തികളും **സംയോജിത ആയിരുന്നില്ല.**

**8. തൊഴിലിനുള്ള അപേക്ഷ**

പരിശോധിച്ച 6 ഫയലുകളിൽ ഏതെങ്കിലും തരത്തിലുള്ള തൊഴിൽ അപേക്ഷ ഉണ്ടായിട്ട്ന്നു.(വെള്ള പേപ്പറിൽ തയ്യാറാക്കിയതും,) എന്നാൽ എത്ര ദിവസത്തേക്കന്നോ കൃത്യമായി വ്യക്തമാക്കുന്നില്ല.

**9. പ്രവർത്തി അനുവദിച്ചത് സംബന്ധിച്ച ഫോം**

പരിശോധിച്ച 6 ഫയലുകളിലും പ്രവർത്തി അനുവദിച്ച ഫോം ഉണ്ടായിരുന്നില്ല.

**10. ഇ മസ്റ്റർ റോൾ**

പരിശോധിച്ച 6 പ്രവർത്തി ഫയലുകളിൽ 4 ഫയലുകളുടെ മസ്റ്റർ റോളുകളിൽ വെട്ടിത്തിരുത്തലുകൾ ഉണ്ടായിരുന്നു. മസ്റ്റർ റോളുകളിൽ ബി.ഡി.ഓ ,സെക്രെട്ടറി എന്നിവരുടെ ഒപ്പ് സീൽ എന്നിവ ഉണ്ടായിരുന്നെങ്കിലും തിയതി ഉണ്ടായിരുന്നില്ല. മസ്റ്റർ റോളുകളിൽ ആയുധങ്ങളുടെ വാടക രേഖപെടുത്തിയിട്ടില്ല. .

**11. മെഷര്മെന്റ് ബുക്ക്**

മെഷര്മെന്റ് ബുക്കിൽ പ്രീ മെഷര്മെന്റ് ,എ .എസ് നമ്പർ,ടി എസ് നമ്പർ എന്നിവ രേഖപ്പെടുത്തിട്ടുണ്ടായിരുന്നില്ല. എല്ലാ മെഷർ മെന്റ് ബുക്കിലും ഒന്നോ അതിലധികമോ ഇടങ്ങളിൽ ഒപ്പ് രേഖപെടുത്തുമ്പോൾ തീയതി എഴുതിയിരുന്നില്ല.

**12. മെറ്റീരിയൽ**

6 പ്രവർത്തികളിൽ 2 പ്രവർത്തിയായ നല്ലെല്ലിപ്പടി റോഡ് കൊണ്ക്രീറ്റ്ങ്ങ്,തൊഴുത്ത് നിർമാണം എന്നാ ഫയലിൽ മാത്രമെ മെറ്റീരിയൽ ഉപയോഗിച്ച് പ്രവർത്തി ചെയ്യുന്നോള്ളൂ, എന്നാൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ ഈ രണ്ടു ഫയലിൽ ഉണ്ടായിരുന്നില്ല.

**13. വെജ്ലിസ്റ്**

പരിശോധിച്ച 6 പ്രവർത്തിഫയലുകളിൽ എന്ന പ്രവർത്തിയുടെ ഫയലിൽ വേജ് ലിസ്റ്റ് ഉൾപ്പെടുത്തിയിരുന്നില്ല. ഓൺഗോയിങ് പ്രവൃത്തിയായ എന്ന പ്രവർത്തി ഫയലിലും വേജ് ലിസ്റ്റ് ഉൾപ്പെടുത്തിയിരുന്നില്ല.

**14.ഫണ്ട് ട്രാൻസ്ഫർ ഓർഡർ**

**ആലങ്ങാട് പഞ്ചായത്തിൽ എല്ലാ പ്രവർത്തിയുടെ ഫണ്ട് ട്രാൻസ്ഫർ ഓർഡർ ഒരുമിച്ചാണ് പ്രിന്റ് എടുത്തു സൂക്ഷിക്കുനത് ആയതിനാൽ ഓരോ പ്രവർത്തിയുടെ വർക്ക് ഫയലിൽ ഇതു ഉണ്ടായിരുന്നില്ല.**

**15. മെറ്റീരിയൽ വൗച്ചർ ബിൽ**

2 പ്രവൃത്തികൾക്ക് മാത്രമാണ് ഈ കാലയളവിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കാനുള്ള തുക എംഐ എസിൽ രേഖപെടുത്തിയിരുന്നത്. ഇതിനെ സംബന്ധിച്ചുള്ള ബില്ലുകൾ ഫയലിൽ ഉൾപെടുത്തിയിരുന്നതായി കണ്ടില്ല.

**16. റോയൽറ്റി**

പരിശോധിച്ച 6 ഫയലുകളിലും റോയൽറ്റി ബാധകം ആയിരുന്നില്ല

**17. ഫോട്ടോഗ്രാഫ്സ്**

6 ഫയലുകളിൽ ഉണ്ടാകേണ്ട 3 ഘട്ടത്തിലെ ഫോട്ടോകൾ ഉണ്ടായിരുന്നില്ല. (ആരംഭിക്കുന്നതിനു മുമ്പും നടന്നു കൊണ്ടിരിക്കുമ്പോഴും, അവസാനിക്കുമ്പോഴും).

**18. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം**

പരിശോധിച്ച ഒരു ഫയളിലും കാണാൻ സാധിച്ചില്ല .

**19. മസ്റ്റർ റോൾ മൂവേമെന്റ്**

മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പുകൾ പരിശോധിച്ച എല്ലാ ഫയലിലും കാണാൻ സാധിച്ചു, എന്നാൽ മസ്റ്റർ റോൾ നമ്പറുകൾ കൃത്യമായി രേഖപെടുത്തതും പല കോളങ്ങളും പൂരിപ്പിക്കാത്ത രീതിയിലും അപൂർണ്ണമായി എല്ലാ മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്പുകളും കാണപ്പെട്ടു .

**20. ജിയോ റ്റാഗ്ഗ്ഡ് ഫോട്ടോഗ്രാഫ്സ്**

പരിശോധിച്ച ഒരു ഫയലിലും കാണാൻ സാധിച്ചില്ല .

**21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി**

പരിശോധിച്ച ഒരു ഫയലിലും കാണാൻ സാധിച്ചില്ല .

**22. സൈറ്റ് ഡയറി**

5 പ്രവർത്തികളുടെ ഫയലിൽ മാത്രമെ സൈറ്റ് ഡയറി കാണാൻ സാധിച്ചു . സൈറ്റ് ഡയറികളിൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പുള്ള മീറ്റിങ് തൊഴിലാളികളുടെ സാക്ഷ്യപത്രം , വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട് , സന്ദർശന കുറിപ്പ് എന്നീ ഭാഗങ്ങൾ പൂരിപ്പിച്ചതായി കാണപ്പെട്ടു . ചികിത്സ സംബന്ധമായ വിവരങ്ങൾ,ഉപകരണങ്ങളുടെ വാടക ഒന്നും തന്നെ ഉണ്ടായതായി രേഖപ്പെടുത്തി കണ്ടില്ല.

**സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്**

ആകെയുള്ള 6 പ്രവർത്തികളിൽ 2 പ്രവർത്തികളിൽ മാത്രമാണ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ സാധിച്ചത്. 2018 19 വാർഷികം മാസ്റ്റർ സർക്കുലർ നിർദ്ദേശിക്കുന്ന തരത്തിൽ മഞ്ഞയിൽ കറുത്ത അക്ഷരങ്ങൾ കൊണ്ടായിരുന്നു എഴുതിയിരുന്നത് എങ്കിലും ഇതിൽ തൊഴുത്തു(സ്മിതാ ജോസ്) നിർമാണത്തിന്

ബോർഡിൽ IMG-20190710-WA0017.jpg ചിലവായ തുക, വര്ഷം,എന്നിവ മാത്രം ഉണ്ടായിരുന്നോള്ളൂ,എന്നാൽ, പ്രവർത്തിയുടെ പേര് പ്രവർത്തിയുടെ കോഡ് എസ്റ്റിമേറ്റ് തുക പ്രവർത്തി ആരംഭിച്ചതും അവസാനിച്ചത് മായ തീയതി വേതന ഘടകം സാധന ഘടകം തൊഴിൽ ദിനങ്ങൾ ദിവസ വേതന നിരക്ക് എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിരുന്നില്ല. കൂടാത്ത ബോർഡ് കൃത്യമായ അളവിൽ ആയിരുന്നില്ല നിർമിച്ചിരിക്കുന്നത്.കൂടാതെ നല്ലലിപടി റോഡു നിർമാണവുമായി ബന്ദപെട്ട സിറ്റിസൺ ഇൻഫർമേഷൻ ബോർഡിൽ പ്രവർത്തിയുടെ പേര്,കോഡ്,അടകൽ തുക,ചിലവായ തുക,തൊഴിൽ ദിനം,ദിവസവേദനം എന്നിവ രേഖപെടുത്തിയിട്ടുണ്ട്. എന്നാൽ യഥാർത്ഥമായ അളവിൽ ആയിരുന്നില്ല ബോർഡുIMG-20190710-WA0016.jpg കാണാൻ സാതിച്ചത്.

6 പദ്ധതികളാണ് പരിശോധനയ്ക്ക് വിധേയമാക്കിയത് ഇതിൽ പൊതു വിഭാഗത്തിലുള്ള പ്രവർത്തിയും വ്യക്തിഗത തൊഴുത്ത് നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട പ്രവർത്തികളും ആണ് പരിശോധനയ്ക്ക് വിധേയമാക്കിയത്.

| Sl | പ്രവർത്തിയുടെ പേര് | വർക്ക് കോഡ് |
|---|---|---|
| 1 | **പെരിയാർ ട്ട പെരിയാർ നീര്ത്തടം തരിശു ഭൂമി/പാഴ്ഭൂമി കൃഷിക്ക് അനുയോജ്യമാക്കൽ** | **1608001001/LD/240507** |
| 2 | **പെരിയാർ ട്ട പെരിയാർ നീര്ത്തടം തരിശു ഭൂമി/പാഴ്ഭൂമി കൃഷിക്ക് അനുയോജ്യമാക്കൽ** | **1608001001/LD/323745** |
| 3 | **സില്റ്റ് നീക്കം ചെയ്ത് ഭൂമി കൃഷിക്ക് അനുയോജ്യമാക്കൽ** | **1608001001/LD/327495** |
| 4 | **സില്റ്റ് നീക്കം ചെയ്ത് ഭൂമി കൃഷിക്ക് അനുയോജ്യമാക്കൽ** | **1608001001/LD/327495** |
| 5 | തൊഴുത്ത് നിർമാണം സ്മിതാ ജോസ് | **1608001001/IF/398285** |
| 6 | നല്ലേലിപ്പടി നടപ്പാത നിർമാണം | **1608001001/RC/268697** |

## രജിസ്റ്ററുകളുടെ പരിശോധന

### 1.അലോക്കേഷൻ ഓഫ് വർക്ക്,പേയ്മെന്റ് ഓഫ് വേജസ് ആൻഡ് ഡിമാൻഡ് ഫോർ വർക്ക്

2018-2019 കാലയളവില എം.ഐ.എസ്. നിന്നുള്ള എല്ലാ വാർഡ് കളിലെ അലോക്കേഷൻ രജിസ്റ്റെറർ ഉണ്ടായിരുന്നത്.

2018-2019 വർഷത്തെ എം.ഐ.എസ്. ഡിമാൻഡ്ഡു രജിസ്റ്റർ ആണ് ഉണ്ടായിരുന്നത്.

**2. മെറ്റിരിയൽ രജിസ്റ്റർ**

- 2018-19 കാലഘട്ടത്തിലെ എം.ഐ.എസ്. നിന്നുള്ള മെറ്റിരിയൽ രജിസ്റ്റർ ആണ് പരിശോധിച്ചത്.
- എല്ലാ വാർഡ് ലെ പ്രവർത്തികളുടെ വിശദാംശങ്ങൾ ഒരുമിച്ചാണ് ഉണ്ടായിരുന്നത്.

**3. വർക്ക് രജിസ്റ്റർ**

- എം.ഐ.എസ്. നിന്നുള്ള 2018-2019 വർഷത്തെ വർക്ക് രജിസ്റ്റർ ആണ് ഉണ്ടായിരുന്നത്.

**4. തൊഴിൽ കാർഡ് വിതരണ രജിസ്റ്റർ**

- പരിശോദന സമയത്ത് 368 പേജ അടങ്ങിയ തൊഴിൽ കാർഡ് രജിസ്റ്ററർ ഉണ്ടായിരുന്നു.
- 26/6/2013 മുതൽ 04/07/2017 വരെ നൽകിയ തൊഴിൽ കാർഡിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.
- എല്ലാ പേജിലും സെക്രട്ടറിയുടെ ഒപ്പും, സീലും ഉണ്ടായിരുന്നു.

  .എല്ലാവരുടെയും ഫോട്ടോ കാണാൻ സാധിച്ചു.

**5. പരാതി രജിസ്റ്റർ**.

- പരാതി രജിസ്റ്ററിൽ രെഖപെട്ടുതിയിരുന്ന പരാതികളിൽ 8/05/2017 വർഷത്തെ കൂലി താമസിക്കുന്നതുമായി ബന്ധപ്പെട്ട പരാതികൾ മാത്രംമാണ് ഉണ്ടായിരുന്നത്.

**6. ഗ്രാമസഭ രജിസ്റ്റർ**

പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പും സീലും അടങ്ങിയ 240 പേജ് ഉള്ള ഗ്രാമസഭ രജിസ്റ്റർ കാണാൻ സാധിച്ചു.

16/9/2016 കാലയളവിലുള്ള ഗ്രാമസഭയുടെ മിനിറ്റ്സ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മിനിറ്റ്സ് ബാഗികവും അപൂർണവും ആയിരുന്നു.,

. തൊഴിലുറപ്പ് ഗ്രാമസഭക്കും പൊതുഗ്രമാസഭക്കും ഒരു രജിസ്റ്റർ ആണ് പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നത്.

**7.ഫിക്സഡ് അസറ്റ് രജിസ്റ്റർ**

ഫയൽ/രജിസ്റ്റർ പരിശോധനക്കു വിധേയമാക്കിയപ്പോൾ ഫിക്സഡ് അസറ്റ് രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല എന്ന് തൊഴിലുറപ്പ് ജീവനക്കാർ പറയുകയുണ്ടായി..

## തൊഴിൽ കാർഡ് പരിശോധന

- തൊഴിൽ കാർഡിനുവേണ്ടി രജിസ്റ്റർ ചെയ്തിട്ടുള്ള 198 കുടുംബങ്ങൾക്കും തൊഴിൽ കാർഡ് വിതരണം നടത്തിയിട്ടുണ്ടെന്നാണ് MIS പ്രകാരം രേഖപ്പെടുത്തിയിട്ടുള്ളത്. സോഷ്യൽ ഓഡിറ്റിങ്ങ് ഭാഗമായി തൊഴിൽ കാർഡ് പരിശോധന നടത്തുകയുണ്ടായി. 39 ആക്ടിവ് തൊഴിൽ കാർഡ് ഉടമകളുടെ തൊഴിൽ കാർഡ് പരിശോധിച്ചു. കൂടാതെ പരിശോധിച്ച 12 നിഷ്ക്രിയ തൊഴിൽ കാർഡ് ഉടമകളിൽ വാർദ്ധക്യം മൂലവും,മറ്റു തൊഴിലിനു പോകുന്നതിനാലും തൊഴിലുപ്പിനു വരുന്നില്ല.

- പ്രളയത്തിന്റെ ആനുകൂല്യം ലഭിക്കുവാൻവേണ്ടി തൊഴിൽ കാർഡു എടുത്തിട്ട് ഇപ്പോൾ തൊഴിലിനു ഇറങ്ങുന്നവരുമുണ്ട്.

- പുതിയതായി അപേക്ഷ നൽകിയ 4 പേർക്ക് തൊഴിൽ കാർഡ് ഇതുവരെ ലഭ്യമായിട്ടില്ല.

- പുതിയ തൊഴിൽ കാർഡുകളിൽ തൊഴിൽ ആവശ്യപ്പെടുന്ന സംബന്ധിച്ച തിയതി,തൊഴിൽ നൽകിയ തിയതി,തൊഴിൽ ദിവസങ്ങളുടെ എണ്ണം, മസ്റ്റർ റോൾ നമ്പർ,ലഭിച്ച കൂലി എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.

- പരിശോദിച്ച തൊഴിൽ കാർഡുകളിൽ 2018-2019 വർഷത്തെ ജൂൺ,ജൂലൈ മാസങ്ങളിൽ ചെയ്ത പ്രവർത്തിയുടെ തൊഴിൽദിനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്

  - സ്ഥിരമായി പണിക്ക് ഇറങ്ങാത്ത തൊഴിലാളികളും വ്യക്തിഗത ആവശ്യങ്ങൾക്ക് വേണ്ടി തൊഴിൽകാർഡ് എടുത്തവരും അത് പുതുക്കിയിട്ടില്ല.

  - തൊഴിൽ കാർഡിൽ പതിപ്പിക്കുവാനുള്ള ഫോട്ടോ എടുക്കുന്നത് എല്ലാവരും സ്വന്തം ചെലവിലാണ്. .

## പെരിയാർ ടു പെരിയാർ നീരൊടത്തിൽതരിശു ഭൂമി /പഴ്ഭൂമി കൃഷിക്കനുയോജ്യമാക്കൽ

**1608001001/LD/240507**

| | |
|---|---|
| മെഷർ മെന്റ് ബുക്ക് നമ്പർ | 87/MGNREGS/2018-19 |
| പദ്ധതി ആരംഭം | 01/10 /2018 |
| പദ്ധതി അവസാനം | 22/10/2018 |

| | |
|---|---|
| എസ്റ്റിമേറ്റ് തുക | 150000/- |
| യഥാർത്ഥ ചെലവ് | 147153/- |
| തൊഴിൽ ദിനങ്ങൾ | 543 |

**കവർപേജ്**

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം കവർപേജിൽ പഞ്ചായത്ത് വിവരങ്ങൾ, ജില്ല, പ്രവർത്തി നടപ്പിലാക്കിയ വിവരങ്ങൾ, അടങ്കൽ തുക, ആകെ ചെലവ്, നടത്തിയ തീയതി, മുതലായ വിവരങ്ങൾ രേഖപെടുത്തേണ്ടതാണ്. വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള കവർ പേജ് സൂക്ഷിച്ചിട്ടുള്ളത് അതിൽ വർക്കിന്റെ പേര്,വർഷം,വർക്ക്കോഡ്, പഞ്ചായത്തിന് പേര്, അടങ്കൽ തുക, ആകെ ചെലവ്, പ്രവർത്തി ആരംഭിച്ച തീയതി,അവസാനിച്ച തിയതി എന്നിവ മാത്രമാണ് കാണാൻ സാധിച്ചത്.എന്നാൽ വില്ലജ്,ബ്ലോക്ക്,പഞ്ചായത്ത്,ലോക്കെഷൻ,സാങ്കേതിക ഉദ്യോഗസ്ഥന്റെ വിവരങ്ങൾ എന്നിവ രേഖപെടുത്തിയിട്ടില്ല.

**ചെക്ക് ലിസ്റ്റ്**

വർക്ക് ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന രേഖകളുടെ പട്ടികയും, അവയുടെ പേജ് നമ്പറും രേഖപ്പെടുത്തേണ്ട ചെക്ക് ലിസ്റ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

**ആക്ഷൻപ്ലാൻ കോപ്പി**

ഈ സാമ്പത്തിക വർഷത്തെ ആക്ഷൻ പ്ലാനിൽ പ്രസ്തുത പദ്ധതി ഉൾപ്പെട്ടിട്ടുള്ളതിന്റെ വിവരം വർക്ക് ഫയലിൽ വരേണ്ടതാണ്, എന്നാൽ ഈ ഫയലിൽ ആക്ഷൻപ്ലാൻ കോപ്പി ചേർത്തിരിക്കുന്നത് കാണാൻ സാധിച്ചില്ല.

**എസ്റ്റിമേറ്റ്**

സാധാരണക്കാർക്ക് മനസ്സിലാകുന്ന ജനകീയ എസ്റ്റിമേറ്റ് ഈ പദ്ധതിയുടെ ഫയലിൽ സൂക്ഷിക്കണമെന്ന് അനുശാസിക്കുന്നു. എന്നാൽ ഈ ഫയലിൽ കണ്ടെത്താൻ സാധിച്ചില്ല. എന്നാൽ സെക്യൂറിൽ നിന്നു എടുത്തിട്ടുള്ള സാങ്കേതിക പദങ്ങൾ ഉപയോഗിച്ചിരിക്കുന്ന വിശദമായ എസ്റ്റിമേറ്റ് ഈ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇതിൽ സർവേ ഡാറ്റ ഒഴികെ മറ്റു വിവരങ്ങൾ എല്ലാം തന്നെ രേഖപ്പെടുത്തിയിരുന്നു.

**സാങ്കേതിക അനുമതി**

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്യുന്ന എല്ലാ പ്രവർത്തികളും ഓവർസിയർ, അക്രെഡിറ്റഡ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ ഉൾപ്പെടുന്ന ഒരു സാങ്കേതിക കമ്മിറ്റിയുടെ അനുമതി ആവശ്യമാണ്. ഇതിൽ മൂന്നു പേരും ഒപ്പ് വെച്ചിട്ടുണ്ടെങ്കിലും എൻജിനീയറുടെ പേര് ഉണ്ടായിരുന്നില്ല മാത്രമല്ല മൂന്നുപേരും ഒപ്പുവച്ച തീയതിയും ഇതോടൊപ്പം രേഖപ്പെടുത്തിയിരുന്നില്ല.

**ഭരണാനുമതി**

പ്രവർത്തി നടത്തിപ്പിന് വളരെ അത്യാവശ്യമായ രേഖകളിൽ ഒന്നാണ് പഞ്ചായത്ത് ഭരണസമിതി അംഗീകാരമായ ഭരണാനുമതി പത്രം. ഈ പ്രവർത്തിയുടെ ഫയലിൽ സെക്യൂറിൽ നിന്നും പ്രിൻറ് എടുത്തിട്ടുള്ള ഭരണാനുമതി കാണാൻ സാധിച്ചു. എന്നാൽ ഈ പ്രിൻറ് ഔട്ട് സെക്രട്ടറിയുടെ പേര് ഒപ്പ് തീയതി എന്നിവ ഉണ്ടായിരുന്നില്ല

## സംയോജിത പദ്ധതി വിവരങ്ങൾ

ഈ പ്രവർത്തിയിൽ സംയോജിത പദ്ധതിയുടെ വിവരങ്ങൾ ബാധകമല്ല

## തൊഴിലിനു വേണ്ടിയുള്ള അപേക്ഷ

തൊഴിൽ ആവശ്യപ്പെട്ടുകൊണ്ട് തൊഴിലാളി പഞ്ചായത്തിൽ സമർപ്പിക്കുന്ന തൊഴിലിനു വേണ്ടിയുള്ള അപേക്ഷ ഓരോ വർക്ക് ഫയലിലും സൂക്ഷിക്കേണ്ടതാണ്.എന്നാൽ ഈ ഫയലിൽ . തൊഴിലിനു വേണ്ടി വെള്ള പേപ്പറിൽ 44 പേർ ചേർന്ന് എഴുതിയ അപേക്ഷയാണ് ഉണ്ടായിരുന്നത്. ഇതിൽ പേര്, തൊഴിൽ കാർഡ് നമ്പർ,തീയതി, എന്നിവയെല്ലാം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് കൈപ്പറ്റി എന്നതിനുള്ള കൈപ്പറ്റ് രസീതിന്റെ കൗണ്ടർ രസീത് , മറ്റു തെളിവുകളോ ഈ ഫയലിൽ കാണാൻ സാധിച്ചില്ല. അതിനാൽ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ നൽകി നിശ്ചിത ദിവസത്തിനകം തൊഴിൽ ലഭ്യമാക്കിയൊ എന്ന് മനസ്സിലാക്കുന്നതിന് ബുദ്ധിമുട്ടുണ്ട്.

## വർക്ക് അലോക്കേഷൻ ഫോം

തൊഴിൽ ആവശ്യപ്പെട്ടവർക്കു തൊഴിൽ അനുവദിച്ചുകൊണ്ടുള്ള വർക്ക് അലോക്കേഷൻ ഫോം ഫയൽ പരിശോദന സമയത്ത് ലഭ്യമായിരുന്നില്ല.

## ഇ മസ്റ്റർ റോൾ

തൊഴിലാളികൾ തൊഴിൽ ചെയ്യുന്ന തീയതി, ദിവസം ഉൾപ്പെടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാന രേഖയാണ് ഇ മസ്റ്റർ റോൾ. ഇതിൽ ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഒപ്പും, സീലും രേഖപെടുത്തേണ്ടതാണ്. എന്നാൽ ഈ ഇ മസ്റ്റർ റോളുകളിൽ ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഒപ്പും, സീലും രേഖപെടുത്തിയിട്ടുണ്ടെകിലും തീയതി രേഖപ്പെടുത്തിയതായി കാണാൻ സാധിച്ചില്ല . ഇതിൽ തൊഴിൽ ചെയ്യ്താ തിയതി, തൊഴിലാളികളുടെ ഒപ്പുകൾ, അവരുടെ തൊഴിൽ ദിനങ്ങൾ, കൂലി,മെറ്റിന്റ ഒപ്പ്,എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ എം. ബുക്ക്.നം.,പേജ്നം.എന്നിവ രേഖപെടിത്തിയട്ടില്ല.കൂടാത മസ്റ്റർ റോൾ (4809,4810,4811,4812,4813),ബ്ലോക്കിൽ നിന്നും പ്രിന്റ്എടുക്കാൻ താമസംനേരിട്ടതിനാൽ 8/10/2018 തിയതിയിലെ തൊഴിലാളികളുടെ 42 തൊഴിൽ ദിനം നഷ്ട്ടപെട്ടതായി മനസിലാക്കാൻ സാധിച്ചു.

## മെഷർമെന്റ് ബുക്ക്

പ്രവർത്തി തുടങ്ങുന്നതിന് മുമ്പും ശേഷവും അളവുകൾ രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാന രേഖയാണ് മെഷർമെന്റ് ബുക്ക്. ഇതിൽ പ്രവർത്തി ആരംഭിക്കുന്നതിനു മുമ്പുള്ള അളവും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ പ്രവർത്തികൾ ആരംഭിക്കുന്നതിനു മുമ്പുള്ള അളവുകൾ ഈ ബുക്കിൽ രേഖപ്പെടുത്തിയതായി കണ്ടിട്ടില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അതായത് ഓവർസിയർ, എൻജിനീയർ,സെക്രട്ടറി, എന്നിവരുടെ ഒപ്പ്

മെഷർമെന്റ് ബുക്കിൽ ഉണ്ടായിരുന്നു എങ്കിലും ചിലയിടങ്ങളിൽ എല്ലാം തന്നെ തീയതി രേഖപ്പെടുത്താതെ ഒപ്പിട്ടിരിക്കുന്നത് സോഷ്യൽ ഓഡിറ്റ് ടീമംഗങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു. കുടാത മെഷർമെന്റ് ബുക്ക് പ്രകാരം കടുവെട്ടിതെളിക്കൽ 2170m2ഉം,മണ്ണ്പണി ചെയ്യുന്ന പ്രവർത്തി 1463.6 m3ഉം ആണ്. ഫീൽഡ് തല പരിശോതനയിൽ 1140m ബണ്ട് അളന്നു തിട്ടപ്പെടുത്താൻ സാധിച്ചു.

## മെറ്റീരിയൽ ബിൽ വൗച്ചർ

മെറ്റീരിയൽ, ഇവ ഒന്നും തന്നെ ഈ പ്രവൃത്തിയിൽ ബാധകമായിരുന്നില്ല

## റോയൽറ്റി

## ഭൂഉടമയുട സാക്ഷ്യപത്രം കാണാൻ സാധിച്ചു.

## വേജ് ലിസ്റ്റ്

തൊഴിലാളികൾ എത്ര ദിവസം ജോലി ചെയ്തു എന്നതിന് അടിസ്ഥാനപ്പെടുത്തി അവർക്ക് നൽകേണ്ട തുക അതായത്കൂലി, എല്ലാം കാണിച്ചു കൊണ്ട് പണം കൈമാറുന്നതിന് വേണ്ടി തയ്യാറാക്കുന്ന പ്രധാനപ്പെട്ട ഒന്നാണ് വേജ് ലിസ്റ്റ്. മസ്റ്റർ റോൾ പ്രകാരമുള്ള വേജ് ലിസ്റ്റ് ഫയൽ പരിശോദന സമയത്ത് ഈ ഫയലിൽ കാണാൻ സാധിചില്ല.

## ഫണ്ട് ട്രാൻസ്ഫർ ഓർഡർ

വേജ് ലിസ്റ്റ് പ്രകാരം തൊഴിലാളികൾക്ക് വേതനം നൽകിയതിനുള്ള രേഖയായ ഫണ്ട് ട്രാൻസ്ഫർ ഓർഡർ ഈ ഫയൽ കാണാൻ സാധിചില്ല. പ്രവർത്തിയിൽ ചിലവായ മുഴവൻ തുകയും ആർക്ക്, എപ്പോൾ നൽകി എന്നുള്ളതിന്റെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തുന്ന ഫണ്ട് ട്രാൻസ്ഫർ ഓർഡർ എല്ലാ ഫയലിലും നിർബന്ധമായും കാണേണ്ടതാണ്.

## പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം

പ്രവർത്തിയുടെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തി പ്രവർത്തി പൂർത്തീകരിച്ചു കഴിയുമ്പോൾ പൂർത്തീകരിച്ചു എന്ന് സാക്ഷ്യപ്പെടുത്തുവാൻ ഉപകരിക്കുന്ന ഒരു രേഖയാണ് പൂർത്തീകരണ സാക്ഷ്യപത്രം എന്നാൽ ഈ പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം കാണാൻ സാധിച്ചിട്ടില്ല.

## മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്

ഈ ഫയലിൽ ഫയൽ ട്രാക്കിംഗ് ഫോം അഥവാ മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ് ഉണ്ടായിരുന്നു.ഇതിൽ സാങ്കേതിക ഉദ്യോഗസ്ഥർ പ്രവർത്തി അളന്നു രേഖപെടുത്തിയ വിവരങ്ങൾ,സെക്രട്ടറിയുടെ ഒപ്പ്, MIS ൽ അപ്ലോഡ് ചെയ്ത തീയതി എന്നിവ ഉണ്ടായിരുന്നു. എന്നാൽ ഈ സ്ലിപ്പിൽ മസ്റ്റർ റോളുകളുടെ എല്ലാം നമ്പറുകൾ വ്യക്തമായി രേഖപ്പെടുത്തിയിരുന്നില്ല. ആരംഭിച്ച തീയതിയും അവസാനിച്ച തീയതിയും രേഖപ്പെടുത്തിയിരുന്നുവെങ്കിലും മറ്റു പ്രധാനപ്പെട്ട കോളങ്ങൾ ഉദാഹരണത്തിന് ബ്ലോക്കിലേക്ക് റിപ്പോർട്ടേച്ചയ്ത്ത തിയതി മുതലായവ രേഖപ്പെടുത്തി കണ്ടില്ല.

## ഫോട്ടോഗ്രാഫ്

പ്രവർത്തി തുടങ്ങുന്നതിന് മുമ്പ് പ്രവർത്തി നടന്നു കൊണ്ടിരിക്കുമ്പോൾ, പ്രവർത്തി പൂർത്തീകരിച്ചു കഴിയുമ്പോൾ തുടങ്ങിയ ഓരോ ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു എന്നാൽ ഇത്തരത്തിലുള്ള ഒരു ഘട്ടങ്ങളിലെ ഫോട്ടോകളും കാണാൻ സാധിച്ചില്ല.

## ജിയോ ടാഗ്ഡ് ഫോട്ടോസ്

പ്രവർത്തി സ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ് ജിയോ ടാഗ്ഡ് ഫോട്ടോസ്. എന്നാൽ ഇവ ഈ ഫയലിൽ കണ്ടെത്തിയില്ല.

## സൈറ്റ് ഡയറി

പ്രവർത്തിയെപ്പറ്റിയുള്ള പ്രാഥമികമായ എല്ലാ വിവരങ്ങളും സൈറ്റ് ഡയറിയിൽ ഉണ്ടായിരുന്നു. സൈറ്റ് ഡയറിയിൽ പ്രവർത്തി ആരംഭം മീറ്റിംഗ് വിവരങ്ങൾ(34പേർ പങ്കെടുത്തു),മിനിട്ട്സ്, തൊഴിലാളികളുടെ ഒപ്പ് സാക്ഷ്യപത്രം, വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റിയുടെ റിപ്പോർട്ട്,സന്ദർശക കുറിപ്പ് എന്നിവ കണ്ടു.

## കണ്ടെത്തലുകൾ

- തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നുണ്ട്.കൃഷിസ്ഥലം ഒരുക്കുന്നതിലൂടെ കൃഷി പ്രോത്സാഹിപ്പിക്കാൻ സാധിക്കുണ്ട്.
- പ്രവർത്തി തുടങ്ങുന്നതിനു മുൻപ് സ്ഥലത്തിന്റെ അവസ്ഥ മനസിലാകുന്നതുമായി ബെന്ധപ്പെട്ട യാതൊരു ഫോട്ടോയും ഫയലിൽ ലഭ്യമല്ല.
- അനുചെദ പ്രകാരമുള്ള ഡിമാൻഡ് ഫോറം കാണാൻ സാധിച്ചില്ല.
- 15 മസ്റ്റർ റോളിൽ 4 മസ്റ്റർ റോളിൽ വെട്ടിതിരുത്തൽ ഉണ്ടായിരുന്നു.
- തൊഴിലാളികൾ ഒരുമിച്ചു സ്വയം സഹായ സംഘം രൂപികരിചിട്ടുണ്ടെങ്കിലും അതിന്റ പ്രവർത്തനം ആക്ടിവല്ലത്തതിനാലും, കൃഷിയുടെ പരിപാലനം ചെയുനതിനു തൊഴിലാളികൾക്ക് സാധിക്കാത്തതിനാലും ,ഇതിന്റ ഫലം അവർക്ക് ലഭിക്കുന്നുണ്ടോ എന്നാ കാര്യത്തിൽ വ്യക്തതയില്ല.
- എല്ല പ്രവർത്തികളുടെയും എഫ്.ടി.ഓ.ഒരുമിച്ചു സെപ്പററ്റ് പ്രിന്റ് എടുത്തു സൂക്ഷിക്കുന്നതിനാൽ പരിശോദിച്ച ഫയലുകൾക്ക് ആനുപാതികമായി എഫ്.ടി.ഓ വേർതിരിച്ചു മനസില്ലാക്കുന്നതിന് ബുദ്ധിമുട്ട് നേരിട്ടു.
- മെഷർമെന്റ ബുക്ക് പ്രകാരം ; ബണ്ട് നിർമാണം 1463m എന്നാൽ ഫീൽഡ് തലത്തിൽ അളന്നപ്പോൾ 1140m ലഭ്യമായത്.

  മുന്നുമാസം മുൻപ് ഈ ബണ്ടിൽ പച്ചകറി (കോളിഫ്ലവർ) കൃഷ്യി ചെയ്തു വിളവെടുത്ത് എന്ന് ഭൂഉടമയും, മേറ്റും പറയുകയുണ്ടായി. ഇപ്പോൾ പ്രസ്തുത ബണ്ടിൽ വാഴ കുലച്ചു നിൽക്കുകയാണ്. ഇപ്പോൾ ഇതിന്റ പരിപാലനം ഭൂഉടമ തന്നയാണ്.

  കൃഷിമുന്നൊരുക്ക പ്രവർത്തനങ്ങൾ ചെയ്തിരിക്കുന്നത് ജോസ് വിതയത്തിൽ എന്ന ഭൂവുടമയുടെ സ്ഥലത്ത് മാത്രമാണ്.

- Citizen information Board ഉണ്ടായിരുന്നില്ല

## പെരിയാർ ട്ട പെരിയാർ നീരൂടത്തിൽതരിശു ഭൂമി /പഴ്ഭൂമി കൃഷിക്കനുയോജ്യമാക്കൽ

**1608001001/LD/323745**

| | |
|---|---|
| മെഷർ മെന്റ് ബുക്ക് നമ്പർ | 280/MGNREGS/ALGD/2018-19 |
| പദ്ധതി ആരംഭം | 30/10/2018 |
| പദ്ധതി അവസാനം | 11/12/2018 |
| എസ്റ്റിമേറ്റ് തുക | 150000 |
| യഥാർത്ഥ ചെലവ് | 149321 |
| തൊഴിൽ ദിനങ്ങൾ | 551 |

### കവർ പേജ്

തൊഴിലുറപ്പ് പ്രവൃത്തിയുടെ പ്രാഥമിക വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതാണ് കവർ പേജ്.പ്രസ്തുത ഫയലിൽ ആനുവൽ മാസ്റ്റർ സർക്കുലർ പ്രകാരമുള്ള കവർ പേജാണ് സൂക്ഷിച്ചിരിക്കുന്നത്.ഇതിൽ പ്രവൃത്തിയുടെ പേര്,., കാറ്റഗറി, പ്രവൃത്തി തുടങ്ങിയതും അവസാനിച്ചതുമായ തീയതി, എസ്റ്റിമേറ്റ് തുക ,അടങ്കൽ തുക എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ഷെൽഫ് ഓഫ് പ്രോജക്ട് നം തദ്ദേശ സ്വയംഭരണ സ്ഥാപന വിവരങ്ങൾ പ്രവൃത്തിയുടെ ലൊക്കേഷനുമായി ബന്ധപ്പെട്ട വിവരങ്ങൾ,സാങ്കേതിക ഉദ്യോഗസ്ഥരുട വിവരങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല.

### ചെക്ക് ലിസ്റ്റ്

പ്രവൃത്തിയുടെ വിവിധ രേഖകൾ ക്രമമായി ,പേജ് നം. പ്രകാരം രേഖപ്പെടുത്തേണ്ടതാണ് ചെക്ക് ലിസ്റ്റ്. എന്നാൽ ഫയലിൽ ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നില്ല.

### ആക്ഷൻ പ്ലാൻ

തൊഴിലുറപ്പ് പ്രകാരം ചെയ്യേണ്ടുന്ന പ്രവൃത്തികൾ അടങ്ങിയ രേഖയാണ് ആക്ഷൻ പ്ലാൻ ഇതിൽ ആക്ഷൻ പ്ലാനിന്റ കോപ്പി ഫയലിൽ ഉണ്ടായിരുന്നു.

### എസ്റ്റിമേറ്റ്

'പ്രവൃത്തി സാങ്കേതികമായി ചെയ്യേണ്ടുന്ന അളവുകളും, ചിലവഴിക്കേണ്ട തുകയും ,ആവശ്യമായ തൊഴിൽ ദിനങ്ങളെയും കറിച്ച് പ്രതിപാദിക്കുന്ന ഒന്നാണ് എസ്റ്റിമേറ്റ് . പ്രസ്തുത ഫയലിൽ എസ്റ്റിമേറ്റ് സെക്യൂറിൽ നിന്നും എടുത്തിരിക്കുന്നതിന്റെ കോപ്പിയാണ് ഉള്ളത്. അതിൽ പ്രവൃത്തിയെ സംബന്ധിച്ച വിശദ വിവരങ്ങളും, പ്രവൃത്തിയുടെ ഡ്രോയിങ്,എസ്റ്റിമേറ്റ് റിപ്പോർട്ട് CIB,റേറ്റ് അനാലിസിസ്, ,സാങ്കേതിക നിർവ്വഹണ ഉദ്യാഗസ്ഥരായ ഓവർസിയർ, അസി.എൻജിനിയർ എന്നിവരുടെ ഒപ്പും ,സീലും ഉണ്ടെങ്കിലും 'തീയതി രേഖപ്പെടുത്തിയിട്ടില്ല, മാത്രമല്ല എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് പ്രാദേശിക ഭാഷയിലല്ലാത്തതു കാരണം സാധാരണനങ്ങൾക്ക് മനസ്സിലാവാൻ വളരെ ബുദ്ധിമുട്ടാണ്. സർവ്വേ ഡാറ്റാ, എന്നിവ കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്.

**സാങ്കേതികാനുമതി**

പ്രവൃത്തിയുടെ സങ്കേതികമായ അളവുകൾക്ക് ലഭിക്കേണ്ടുന്ന അനുമതിയാണ് സാങ്കേതികാനുമതി. ഫയലിൽ സൂക്ഷിച്ചിരിക്കുന്നത് സെക്യൂറിൽ' നിന്നും ലഭ്യമായതിന്റെ കോപ്പിയും,സാങ്കേതികഅനുമതി ഫോറം ഉണ്ടായിരുന്നു.കൂടാത സാങ്കേതികാനുമതി കമ്മിറ്റി അംഗംമായ, അക്രടിട്ടെട്A.E, ഓവർസിയർ,എന്നിവരുടെ പേര്,ഒപ്പ്,സീൽ ഉണ്ടായിരുന്നു. എന്നിരുന്നാലും അതിൽ ഒപ്പുവെക്കേണ്ട ഗ്രാമ പഞ്ചായത്ത് എൻജിനീയറുടെ പേരും, ഉണ്ടായിരുന്നില്ല.

**ഭരണാനുമതി**

പ്രവൃത്തി ചെയുന്നതിനാവശ്യമായ ഭരണ സമിതിയുടെ അംഗീകാരമാണ് ഭരണാനുമതി.. ഈ ഫയലിൽ സെക്യൂറിൽ നിന്നും ലഭ്യമായതിന്റെ കോപ്പിയാണ് സൂക്ഷിച്ചിരിക്കുന്നത്. എന്നാലും നിർവ്വഹണ ഉദ്യോഗസ്ഥനായ പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പും, സിലും ഉണ്ടായിരുന്നില്ല.

**സംയോജിത പദ്ധതി**

ഈ പ്രവർത്തിയിൽ ബാധകമല്ല.

**തൊഴിലിനു വേണ്ടിയുള്ള അപേക്ഷ**

തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെടുന്നതിന്റെ രേഖയാണ് തൊഴിലിനു വേണ്ടിയുള്ള അപേക്ഷ. എന്നാൽ ഇതിൽ ഉണ്ടായിരുന്നത് തൊഴിലാളികളുടെ പേര്, തൊഴിൽ കാർഡ് നം, തൊഴിൽ ആവശ്യപ്പെട്ട തീയതി എന്നിവ ഉൾപ്പെടുത്തി 21 പേർ ഗ്രൂപ്പായി വെള്ള പേപ്പറിൽ തയ്യാറാക്കിയ രേഖയാണ്. മാത്രമല്ല അനുചേദം B പ്രകാരമുള്ള ഫോറം ഉണ്ടായിരുന്നില്ല, അതു മാത്രമല്ല തൊഴിലാളി എത് തീയതി മുതൽ ഏത് തീയതി വരെ എത്ര ദിവസത്തേക്ക് തൊഴിലിനു അപേക്ഷിച്ചിരിക്കുന്നു എന്നതിനെപ്പറ്റിയുള്ള വിവരങ്ങളും ഉണ്ടായിരുന്നില്ല. തൊഴിൽ ആവശ്യപ്പെട്ട് സമർപ്പിക്കുന്ന അപേക്ഷ കൈപ്പറ്റുമ്പോൾ നൽകുന്ന കൈപ്പറ്റു രസീതിന്റെ കോപ്പിയോ മറ്റു വിവരങ്ങളോ കാണാൻ സാധിച്ചില്ല.

**വർക്ക് അലോക്കേഷൻ ഫോം**

തൊഴിലാളിക്ക് പ്രവൃത്തി നൽകന്നതുമായി ബന്ധപ്പട്ട വിവരങ്ങൾ ഫയലിൽ ലഭ്യമായിരുന്നു.

ഇ **മസ്റ്റർ റോൾ**

പ്രവൃത്തി സ്ഥലത്ത് ഉണ്ടായിരിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട രേഖയാണ് മസ്റ്റർ റോൾ .ഇതിൽ 18 മസ്റ്റർ റോൾ ഉണ്ടായിരുന്നു. ഇതിൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവരുടെ ഒപ്പും ,സിലും ഉണ്ടെങ്കിലും തീയതി ഉണ്ടായിരുന്നില്ല, മാത്രമല്ല മേറ്റിന്റെ ഒപ്പ് ഉണ്ട് എങ്കിലും മസ്റ്റർ റോൾ ചെക്ക് ചെയ്തു സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ്റെ പേരും പദവി എന്നിവ ഉണ്ടായിരുന്നില്ല. കൂടാതെ തൊഴിൽ ചെയ്ത തീയതി, തൊഴിലാളികളുടെ പേര്, ഒപ്പ്, അവരുടെ അറ്റൻഡൻസ്, ആകെ തൊഴിൽ ദിനങ്ങൾ, അനുവദനീയമായ തുക, എന്നിവ എല്ലാം തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നലും വെട്ടി തിരുത്തലുകൾ കാണാൻ സാധിച്ചു.(മാസ്റ്റർറോൾനം.7020,7573,6043,6355). മാത്രമല്ല മസ്റ്റർറോൾ(6355,6356,6357,6727,6728,6729) ബ്ലോക്കിൽ നിന്നും പ്രിന്റ്എടുക്കാൻ താമസം നേരിട്ടതിനാൽ 6/11/2018,13/1/18 തിയതിയികളിലെ 43 തൊഴിൽ ദിനം നഷ്ടപെട്ടതായി മനസിലാക്കാൻ സാധിച്ചു.

എം. ബുക്ക് നം., പേജ് നം ഉൾപ്പെടുത്തേണ്ടതുണ്ട്.കൂടാതെ ഉപകരണവാടക ലഭ്യമാക്കിയട്ടില്ല.

## എം ബുക്ക്

പ്രവൃത്തി എത്ര അളവ് ചെയ്തിട്ടുണ്ടെന്ന് രേഖപ്പെടുത്തുന്നതാണ് എം ബുക്ക് . പ്രസ്തുത ഫയലിൽ പ്രവൃത്തി ചെയ്തതിന്റ് വിവരങ്ങൾ വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്, മാത്രമല്ല സാക്ഷ്യപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനായ A.E യുടെ ഒപ്പ് ,സീൽ, തിയതി എന്നിവ രേഖപ്പെടുത്തിയിട്ടുണ്.പ്രവൃത്തി മെഷർ ചെയ്തതു, ഓവർസിയറും ചെക്ക് മെഷർ ചെയ്തത് AE,യും തുക അനുവതിച്ചത് സംബന്ധിച്ച പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.കൂടാതെ തൊഴിലാളിക്ക് ലഭ്യമാക്കിയ തുകയും രേഖപ്പെടുത്തിയിട്ടുണ്ട്.എങ്കിലും AS/TS നം. തീയതി ,മസ്റ്റർ റോൾ നം., തിയതി, വർക്ക് കോഡ് എന്നിവ എം ബുക്കിൽ ഉൾപ്പെടുത്തണം.

## വേയ്ജ് ലിസ്റ്റ്

തൊഴിലാളികൾക്ക് കൂലി വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട രേഖയാണ് വേജ് ലിസ്റ്റ്, അതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമല്ലായിരുന്നു.

## ഫണ്ട് ട്രാൻസ്ഫർ ഓർഡർ

തൊഴിലാളികളുടെ കൂലി അവരുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നതുമായ ബന്ധപ്പെട്ട വിവരങ്ങൾ ഉൾപ്പെടുത്തിയ രേഖയാണ് ഫണ്ട് ട്രാൻസ്ഫർ ഓർഡർ പ്രസ്തുത ഫയലിൽ അതിന്റെ രേഖകൾ ഉണ്ടായിരുന്നില്ല.

## റോയൽറ്റി/രസീത്

ഭൂവുടമയുടെ സാക്ഷ്യപത്രം ഉണ്ടായിരുന്നു.

**ഫോട്ടോ**

പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപും ചെയ്തു കൊണ്ടിരിക്കുന്ന ഫോട്ടോയും പ്രവർത്തി പൂർത്തീകരിച്ച ശേഷമുള്ള ഫോട്ടോസ് ഫയലിൽ ലഭ്യമല്ല.

**മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്**

തൊഴിലുറപ്പ് തൊഴിലാളികളുടെ ആധികാരിക രേഖയായ മസ്റ്റർ റോൾ ,എം ബുക്ക് എന്നിവ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരായ DEO, ഓവർസിയർ, A.E. സെക്രട്ടറി , BPO, എന്നിവർ സമയബന്ധിതമായി അവരുടെ ജോലി പൂർത്തീക രി ക്കുന്നതുമായി ബന്ധപ്പെട്ട ഫയലാണ് മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ്. ഇതിൽ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒപ്പും, ഫയൽ കൈമാറിയ തീയതിയും രേഖപ്പെടുത്തിയിട്ടുണ്ട്. എങ്കിലും സെക്രട്ടറി ഫയൽ പൂർത്തികരിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമല്ല.

**സൈറ്റ് ഡയറി**

'പ്രവൃത്തി സ്ഥലത്ത് മേറ്റ് സൂക്ഷിക്കേണ്ട  ഒന്നാണ് സൈറ്റ് ഡയറി .ഇതിന്റ ആദ്യ പേജിൽ പ്രവൃത്തിയെ സംബസിച്ച പ്രാഥമിക വിവരങ്ങളായ പ്രവൃത്തി പേര്, വർക്ക് കോഡ്, എസ്റ്റിമേറ്റ് തുക, പദ്ധതി തുടങ്ങിയതും അവസാനിച്ചതുമായ തീയതിയും, മേറ്റിന്റ പേരും ആകെ തൊഴിൽ ദിനവും ഉണ്ടായിരുന്നു. മാത്രമല്ല  പ്രോജക്ട് മീറ്റിംഗിന്റെ വിവരങ്ങൾ (21 തൊഴിലാളി പങ്കെടുത്തു), അതിൽ മേറ്റ്, ,ടെക്നിക്കൽ ഉദ്യോഗസ്ഥൻ എന്നിവരുടെ പേരും ഒപ്പും, തൊഴിലാളി സാക്ഷ്യപത്രം വിവരങ്ങൾ, വി.എം.സി വിവരങ്ങൾ , സന്ദർശക കുറിപ്പും,, ഉണ്ടായിരുന്നു. എങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ വിവരങ്ങൾ ,ഉപകരണങ്ങളുടെ വാടക, വാർഡ് മെമ്പർ ഒപ്പ് എന്നിവ രേഖപ്പെടുത്തിയട്ടില്ല.

**കണ്ടെത്തലുകൾ**

- തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നുണ്ട്.കൃഷിസ്ഥലം ഒരുക്കുന്നതിലൂടെ കൃഷി പ്രോത്സാഹിപ്പിക്കാൻ സാധിക്കുണ്ട്. എങ്കിലും പദ്ധതിയുടെ യഥാർത്ഥ ഫലംത്തിൽ വിട്ടുവീഴ്ച വരുത്തിക്കൊണ്ട് തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുക എന്നാ ലക്ഷ്യത്തോടെ മാത്രമാണ് പ്രവർത്തി തയ്യാറാക്കിയിരിക്കുന്നത്.
- പ്രവർത്തി തുടങ്ങുന്നതിനു മുൻപ് സ്ഥലത്തിന്റ അവസ്ഥ മനസിലാകുന്നതുമായി ബെന്ധപ്പെട്ട യാതൊരു ഫോട്ടോയും ഫയലിൽ ലഭ്യമല്ല.

- അനുചെദ പ്രകാരമുള്ള ഡിമാൻഡ് ഫോറം കാണാൻ സാധിച്ചില്ല. ആയതിനാൽ ഡിമാൻഡ് പ്രകാരമാണോ തൊഴിൽ ലഭിച്ചത് എന്നാ കാര്യത്തിൽ വ്യക്തതയില്ല.

- 18 മസ്റ്റർ റോളിൽ 4 മസ്ററർ റോളിൽ വെട്ടിതിരുത്തൽ ഉണ്ടായിരുന്നു. .(തങ്ക തങ്കച്ചൻ,റുബി തങ്കച്ചൻ,ഭാരതി ബാലകൃഷ്ണൻ) എന്നിവരുട ഒപ്പ് വെട്ടിത്തിരുത്തി ആബ്സന്റ് ആക്കിയിരിക്കുന്നു. മാത്രമല്ല (ഓമന, കെ.ചാത്തൻ) എന്നിവരുട ആബ്സന്റ് വെട്ടിത്തിരുത്തി ഒപ്പിട്ടിരിക്കുന്നു

- Citizen information Board ഉണ്ടായിരുന്നില്ല.
- മെഷർമെന്റ് ബുക്ക് പ്രകാരം ; ബണ്ട് നിർമാണം 632.04m എന്നാൽ ഫീൽഡ് തലത്തിൽ അളന്നു തിട്ടപ്പെടുതിയപ്പോൾ 586m ആണ് ലഭ്യമായത്. എന്തെന്നാൽ സരിഗ എന്നാ ഗ്നഭോക്തവിന്റ പ്രവർത്തി സ്ഥലം നികത്തപ്പെട്ട നിലയിലാണ് കാണാൻ സാധിച്ചത്.കൂടാത ഉല്ലാസ് എന്നാ ഗ്നഭോക്തവിന്റ പ്രവർത്തി സ്ഥലം ബണ്ട് ഉണ്ടെങ്കിലും കാട് പിടിച്ച അവസ്ഥയിലാണ് കിടക്കുന്നത്. മാത്രമല്ല തൊഴിലുറപ്പ് മുഖേന അവിടെ കുഴി എടുക്കുന്ന പ്രവർത്തിയും ചെയ്തിട്ടുണ്ട്.
- മസ്റ്റർ റോൾ പ്രിന്റ് ചെയ്യാൻ താമസം നേരിട്ടതിനാൽ തൊഴിലാളികളുട 42 ദിവസത്തെ തൊഴിൽ ദിനം നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടു.
- പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യം ,മനസില്ലക്കാത്തതിനാൽ ഭൂവുടമക്ക് എന്ത് പ്രവർത്തി യാണ് ചെയ്യതെന്ന കാര്യത്തിൽ വ്യക്തതയില്ല.

## പെരിയാർ ടു പെരിയാർ നീരൊടത്തിൽതരിശു ഭൂമി /പഴ്ഭൂമി കൃഷിക്കനുയോജ്യമാക്കൽ

**1608001001/LD/327494**

| | |
|---|---|
| മെഷർ മെന്റ് ബുക്ക് നമ്പർ | 175/MGNREGS/2018-19 |
| പദ്ധതി ആരംഭം | 01/02/2019 |
| പദ്ധതി അവസാനം | 26/02/2019 |
| എസ്റ്റിമേറ്റ് തുക | 315000/- |
| യഥാർത്ഥ ചെലവ് | 310044/- |
| തൊഴിൽ ദിനങ്ങൾ | 1144 |

**കവർപേജ്**

ആനുവൽ മാസ്റ്റർ സർക്കുലർ(AMC) പ്രകാരം ഉള്ള കവർപേജ് ഈ പ്രവർത്തിയുടെ ഫയലിൽ ഉണ്ടായിരുന്നുവെങ്കിലും ബന്ധപ്പെട്ട പല വിവരങ്ങൾ രേഖപ്പെടുത്തിയിരുന്നില്ല.

## ചെക്ക് ലിസ്റ്റ്

ഫയലിൽ ഉണ്ടാകേണ്ട പ്രധാനപ്പെട്ട രേഖകളിൽ ഒന്നാണ്ചെക്ക് ലിസ്റ്റ്. വർക്ക് ഫയലിലെ രേഖകൾ,ക്രമീകരിച്ചിരികുന്നതു ഏതെല്ലാം പേജ് നമ്പറുകളിൽ ആണെന്ന് മനസ്സിലാക്കാൻ സാധിക്കുന്നത് ഈ ചെക്ക് ലിസ്റ്റ് നോക്കുമ്പോഴാണ്. എന്നാൽ ചെക്ക് ലിസ്റ്റ് ഫയലിൽഉണ്ടായിരുന്നില്ല.

## എസ്റ്റിമേറ്റ്

പ്രവർത്തി ആരംഭിക്കുന്നതിനുമുമ്പ് പ്രവർത്തിക്കു വേണ്ടുന്ന തുകയും ചെയ്യേണ്ടുന്ന പ്രവർത്തികളുടെ മാതൃകയും അടങ്ങുന്നതാണ് എസ്റ്റിമേറ്റ്. ഈ പ്രവർത്തിയുടെ വിശദവിവരങ്ങൾ അടങ്ങിയ ഡീറ്റൈൽഡ് എസ്റ്റിമേറ്റ് ഉണ്ടായിരുന്നു. എസ്റ്റിമേറ്റിൽ സാങ്കേതിക ഉദ്യോഗസ്ഥരുടെ പേരും, ഒപ്പും ഉണ്ടായിരുന്നു. സെക്യൂറിൽനിന്നും ഡൗൺലോഡ് ചെയ്ത് വെച്ചിട്ടുള്ളതാണ് . എന്നാൽ സാധാരണക്കാരന് മനസ്സിലാവുന്ന വിധത്തിൽ ജനകീയ എസ്റ്റിമേറ്റ് ഉണ്ടായിരുന്നില്ല..

## ഭരണാനുമതി

ഒരു പ്രവൃത്തി ആരംഭിക്കുന്നതിനുമുമ്പ് അതിന് ബന്ധപ്പെട്ടന്ന അധികാരികളിൽ നിന്നും സമിതികളിൽ നിന്നും അനുമതികൾ വാങ്ങേണ്ടത് അത്യാവശ്യമാണ് അത്തരത്തിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് ഭരണാനുമതി ഇതിന്റെ കോപ്പി ഉണ്ടായിരുന്നു എങ്കിലും അതിൽ സെക്രട്ടറിയുടെ ഒപ്പ്, തീയതി പോലുള്ള വിവരങ്ങൾ ഉണ്ടായിരുന്നില്ല.

## സാങ്കേതിക അനുമതി

ഒരു പ്രവർത്തി ആരംഭിക്കുന്നതിനുമുമ്പ് ആ പ്രവർത്തിക്ക് സാങ്കേതിക അനുമതി ആവശ്യമാണ്. സാങ്കേതിക അനുമതി നൽകുന്നത് രൂപീകരിക്കപ്പെട്ട ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയാണ്. സാങ്കേതിക അനുമതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനം എടുക്കേണ്ട കമ്മിറ്റിയുടെ ഫോറം ഇതിൽ ഉണ്ടായിരുന്നു. ഇതിൽ സാങ്കേതിക ഉദ്യോഗസ്ഥരായ A.E,ഓവർസിയർ എന്നിവരുടെ ഒപ്പ്, പേര്, സീൽ, എന്നിവ കൃത്യമായി രേഖപെടുത്തിയിട്ടുണ്ടായിരുന്നു. എങ്കിലും പഞ്ചായത്ത് എൻജിനിയറുടെ പേരും.ഒപ്പും.സീൽ ഉണ്ടായിരുന്നില്ല.(ചെയർമാൻ)

## ആക്ഷൻ പ്ലാൻ

ആക്ഷൻ പ്ലാനിൻറ കോപ്പി ഈ ഫയലിൽ ലഭ്യമായിരുന്നില്ല. ഈ പ്രവർത്തി ഗ്രാമസഭയിൽ ഉൾപ്പെട്ടിരുന്ന പ്രവർത്തിയാണെന്ന് മനസ്സിലാക്കുന്നത് ഇത് അത്യാവശ്യമാണ്.

## സംയോജിത പദ്ധതി.

ഈ പ്രവർത്തിയിൽ ഇതു ബാതകമല്ല..

## ഇ മസ്റ്റർ റോൾ

ഈ പ്രവർത്തിക്ക് ആകെ 30 തു മസ്റ്റർ റോളുകൾ ആണ് ഫയലിൽ ഉണ്ടായിരുന്നത്. എല്ല മസ്റ്റർ റോളിലും നിർവഹണ ഉദ്യോഗസ്ഥരായ BDO, സെക്രട്ടറി എന്നിവർ ഒപ്പുവച്ചിട്ടുണ്ട് സീലും പതിപ്പിച്ചിരിക്കുന്നു എന്നാൽ ഇതിന്റ ഒപ്പം രേഖപ്പെടുത്തേണ്ടാ തിയതി കാണാൻ സാധിച്ചിട്ടില്ല.

തൊഴിലാളികളുടെ ഹാജർ,, ഒപ്പ് വേതനം, ആകെ തൊഴിൽ ദിനങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മസ്റ്റർ റോൾ (10849,10850,11715,11716,11717)ൽ പ്രിന്റ് എടുക്കാൻ താമസം നേരിട്ടതിനാൽ 43 ദിവസത്തെ തൊഴിൽ ദിനം നഷ്ട്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടു. കൂടാതെ kl 08001001003/822,സഫിയ (മാസ്റ്റർ റോൾ 10852,11689) എന്നാ തൊഴിലാളിയുടെ 11 ദിവസം നഷ്ട്ടപെട്ടിടുണ്ട്.

## എം ബുക്ക്

ഫയലിനൊപ്പം മെഷർമെൻറ്ബുക്ക് ഉണ്ടായിരുന്നു. എം ബുക്കിൽ പേജ് നമ്പർ, പ്രവർത്തന വിശദവിവരങ്ങൾ, നിർവഹണ ഉദ്യോഗസ്ഥരുടെ ഒപ്പ്, സീൽ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു. എന്നാൽ എം.ബുക്ക് സാക്ഷ്യപ്പെടുതിയിരുന്നില്ല. .കൂടാതെ സെക്രട്ടറി പ്രവർത്തിയുടെ തുക അനുവതിച്ചത് സംബന്ധിച്ച ഒപ്പ് ,സീൽഎന്നിവ ഉണ്ടായിരുന്നില്ല.

മെഷർമെന്റ് ബുക്ക് പ്രകാരം ബണ്ട് നിർമാണം 1125m ഉം എന്നാൽ ഫീൽഡ് തല പരിശോതനയിൽ ലഭ്യമായത് 878m ആണ്.

## വേജ് ലിസ്റ്റ്

മസ്റ്റർ റോളിനു ആനുപാതികമായ വേജ് ലിസ്റ്റ് കൃത്യമായി ഫയൽചെയ്ത സൂക്ഷിക്കേണ്ടതാണ്. മസ്റ്റർ റോളിനു ആനുപാതികമായവേജ് ലിസ്റ്റ് ഈ ഫയലിൽ ഉണ്ടായിരുന്നില്ല.

## ഫണ്ട് ട്രാൻസ്ഫർ ഓർഡർ

തൊഴിലാളികൾക്ക് കൂലി നൽകുന്നതിനുള്ള അടിസ്ഥാന രേഖകൾ ആയ മസ്റ്റർ റോൾ , വേജ് ലിസ്റ്റ് എന്നിവയോടൊപ്പം തന്നെ പ്രധാനം അർഹിക്കുന്ന ഒന്നാണ് എഫ് ടി ഒ. ഫണ്ട് ട്രാൻസ്ഫർ ഓർഡർ പ്രകാരം വേജ് ലിസ്റ്റിന് ആനുപാതികമായി ഫണ്ട് ട്രാൻസ്ഫർ ഓർഡർ ഇല്ല.

## തൊഴിലിനു വേണ്ടിയുള്ള അപേക്ഷ

തൊഴിൽ ആവശ്യപ്പെട്ടുകൊണ്ട് തൊഴിലാളികൾ പഞ്ചായത്തിൽ സമർപ്പിക്കുന്ന അപേക്ഷയാണ് ഡിമാൻഡ് ഫോം. ഡിമാൻഡ് ഫോമ് ഈ ഫയലിൽ കാണാൻ സാധിച്ചില്ല. ആനുവൽ മാസ്റ്റർ സർക്കുലർ പ്രകാരവും, നിയമാനുസൃതമായ കൈപ്പറ്റ് രസീത് ലഭിക്കാൻ തൊഴിലാളികൾക്ക് അവകാശമുണ്ട്.എന്നാൽ അപേക്ഷ നൽകിയതിന്റെ കൈപ്പറ്റ് രസീത് തൊഴിലാളികൾക്കുൽകി എന്ന് വ്യക്തമാക്കുന്ന രേഖകൾ ഈ ഫയലിൽ ഉണ്ടായിരുന്നില്ല.

## മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്

മസ്റ്റർ റോളുകൾ കൃത്യസമയത്ത് പൂരിപ്പിച്ചു എന്നും കൃത്യസമയത്ത് ആളുകൾ സ്വീകരിച്ചു എന്നും അത് കൃത്യസമയത്തുതന്നെ തൊഴിലാളികൾക്ക് തൊഴിൽ കിട്ടുന്നതിനുവേണ്ടി പ്രോസസ് ചെയ്യപ്പെട്ടു എന്നും അറിയുന്നതിനുള്ള രേഖയാണ് ഇത്. ഈ സ്ലിപ്പ് ഉപയോഗിച്ച് ആരുടെ ഭാഗത്ത് നിന്നെല്ലാം എത്രമാത്രം താമസം നേരിട്ടാണ് ഫയലുകൾ കൈമാറ്റം ചെയ്തിട്ടുള്ളത് എന്നുമനസ്സിലാക്കാൻ സാധിക്കും എന്നാൽ ഈ ഫയലിൽ മാസ്റ്റർ റോള് മൂവ്മെന്റ് സ്ലിപ് ഉണ്ടായിരുന്നില്ല.

## സൈറ്റ് ഡയറി

പ്രവർത്തി സ്ഥലത്തെ വിവരങ്ങൾ രേഖപെടുത്തുന്നതിനാണ് സൈറ്റ് ഡയറി. ഫയലിൽ സൈറ്റ് ഡയറി സൂക്ഷിചിട്ടുണ്ടായിരുന്നു. സൈറ്റ് ഡയറിയിൽ തൊഴിലാളികളുടെ ഒപ്പ് പ്രോജക്ട് മീറ്റിംഗ്(38 തൊഴിലാളികൾ) നടത്തിയിരിക്കുന്നത് വിവരങ്ങൾ വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ട് തൊഴിലാളിയുടെ സാക്ഷ്യപത്രം സന്ദർശക കുറുപ്പ് എന്നിവ രേഖപ്പെടുത്തിയിരിക്കുന്നതുമാണ്. എന്നാൽ അടിസ്ഥാന സൗകര്യങ്ങളുടെ വിവരങ്ങൾ,ഉപകരണങ്ങളുടെ വാടക എന്നിവ രേഖപ്പെടുത്തിയട്ടില്ല.

പ്രധാന നിരീക്ഷണങ്ങളും കണ്ടെത്തലുകളും

- തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നുണ്ട്.കൃഷിസ്ഥലം ഒരുക്കുന്നതിലൂടെ കൃഷി പ്രോത്സാഹിപ്പിക്കാൻ സാധിക്കുണ്ട്. എങ്കിലും പദ്ധതിയുടെ യഥാർത്ഥ ഫലംത്തിൽ വിട്ടുവീഴ്ച വരുത്തിക്കൊണ്ട് തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുക എന്നാ ലക്ഷ്യത്തോടെ മാത്രമാണ് പ്രവർത്തി തയ്യാറാക്കിയിരിക്കുന്നത്.
- മസ്റ്റർ റോൾ പ്രിന്റ് ചെയ്യാൻ താമസം നേരിട്ടതിനാൽ തൊഴിലാളികളുട 35 ദിവസത്തെ തൊഴിൽ ദിനം നഷ്ട്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടു.

  പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യം ,മനസിലാക്കാത്തതിനാൽ ഭൂവുടമക്ക് എന്ത് പ്രവർത്തി യാണ് ചെയ്യതെന്ന കാര്യത്തിൽ വ്യക്തതയില്ല.

  പ്രസ്തുത പ്രവർത്തി ചെയ്തിരിക്കുന്നത് ജനറൽ വിഭാഗത്തിന്റ സ്ഥലങ്ങളിലാണ്.
- മെഷർമെന്റ് ബുക്ക് പ്രകാരം ബണ്ടിന്റെ നീളം 1125m. എന്നാൽ യഥാർത്ഥത്തിൽ പ്രവൃത്തി സ്ഥലം പരിശോദിച്ചതിന്റെ അടിസ്ഥാനത്തിൽ വർഗീസ്ന്റ കൃഷി സ്ഥലത്ത് 878m ലഭ്യമായി. പ്രസ്തുതസ്ഥലത്ത് ഇപ്പോൾ വാഴകൃഷി ആണ് കാണാൻ സാദിച്ചത്. എന്നാൽ മറ്റൊരു പ്രവർത്തി സ്ഥലം മുഴവൻ (അമ്പാട്ട്) ബണ്ട് കാണാത്തവിതം പുല്ല്,കാട് നിറഞ്ഞിരിക്കുന്ന അവസ്ഥയിലാണ്.
- മസ്റ്റർ റോളുകളിൽ വെട്ടിത്തിരുത്തലുകൾ കാണാൻ സാദിച്ചു.(വിമല ദേവി,ട്രീസ) എന്നിവരുടെ ഒപ്പ് വെട്ടിത്തിരുത്തി ആബ്സന്റ് ആക്കിയിരിക്കുന്നു.
- Citizen information Board ഉണ്ടായിരുന്നില്ല.

സില്റ്റ്നീക്കം ചെയ്ത്ഭൂമി കൃഷിക്ക്അനുയോജ്യമാക്കൽ

**1608010001/LD/327495**

| | |
|---|---|
| മെഷർ മെന്റ് ബുക്ക് നമ്പർ | 334/MGNREGS/2018-19 |
| പദ്ധതി ആരംഭം | 03/01/2019 |
| പദ്ധതി അവസാനം | 24-02-2019 |
| എസ്റ്റിമേറ്റ് തുക | 300000 |
| യഥാർത്ഥ ചെലവ് | 142817 |
| തൊഴിൽ ദിനങ്ങൾ | 1099 |

**കവർ പേജ്** :

ആനുവൽ മാസ്റ്റർ സർക്കുലർ( AMC) പ്രകാരമുള്ള കവർ പേജ് ആണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്.വിവരങ്ങൾ ചിലതു പൂർണ്ണമായും എഴുതിയിട്ടില്ലാത്തതായി കാണാൻ കഴിഞ്ഞു.

**ചെക്ക് ലിസ്റ്റ്**

ചെക്ക് ലിസ്റ്റ് ഫയലിൽ ഉണ്ടായിരുന്നില്ല.

**എസ്റ്റിമേറ്റ്**

സാധാരണക്കാരായ ആളുകൾക്ക് മനസിലാകുന്ന രീതിയിലുള്ള എസ്റ്റിമേറ്റ് ആയിരുന്നില്ല ഫയലിൽ കാണാൻ സാധിച്ചത്.പ്രാദേശിക ഭാഷയിലുള്ള എസ്റ്റിമേറ്റ് വേണം എന്ന് നിയമത്തിൽ അനുശാസിക്കുന്നു.എസ്റ്റിമേറ്റിൽ വിശദമായ വിവരങ്ങൾ കാണാൻ സാധിച്ചു.ഡ്രോയിങ് ആൻഡ് ഡിസൈൻ ലൊക്കേഷൻ സ്കെച്ച്,സാങ്കേതിക ഉദ്യോഗസ്ഥരുട ഒപ്പ് ഉൾപ്പെടെ സെക്യൂരിൽ നിന്നുള്ള കോപ്പിയാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്.

**സാങ്കേതിക അനുമതി**

ഈ പ്രവർത്തിക്കു സാങ്കേതിക അനുമതി ഉണ്ട്. സെക്യൂരിൽ നിന്ന് എടുത്ത സാങ്കേതിക അനുമതിയുടെ കോപ്പി കാണാൻ സാധിച്ചു.

**ഭരണാനുമതി** :

ഭരണാനുമതി ലഭിച്ചതിന്റെ സെക്യൂരിൽ നിന്നുള്ള കോപ്പിയാണ് ഫയലിൽ കാണാൻ കഴിഞ്ഞത്. ഇതിൽ നിർവഹണ ഉദ്യോഗസ്ഥരുടെ ഒപ്പ്, സീൽ,തീയതി എന്നിവ രേഖപ്പെടുത്തിയത് കാണാൻ കഴിഞ്ഞില്ല.

**ആക്ഷൻ പ്ലാൻ**

പ്രവർത്തി അടങ്ങുന്ന ആക്ഷൻ പ്ലാനിന്റെ കോപ്പി ഫയലിൽ ലഭ്യമായിരുന്നില്ല.

**സംയോജിത പദ്ധതി**

ഈ പ്രവർത്തിയിൽ ഇത് ബാധകമല്ല.

**മസ്റ്റർ റോൾ**

തൊഴിലാളികൾ തൊഴിൽ ചെയ്യുന്ന തീയതി, ദിവസം ഉൾപ്പെടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാന രേഖയാണ് ഇ മസ്റ്റർ റോൾ. ഇതിൽ തൊഴിലാളികളുടെ ഒപ്പ്,തൊഴിൽ ചെയ്ത തിയതി,നിർവഹണ ഉദ്യോഗസ്ഥരുടെ പേര്, ഒപ്പ്, സീൽ,തീയതി അടക്കം ഉണ്ടായിരുന്നു..എന്നാൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, സെക്രട്ടറി എന്നിവരുടെ തീയതിയോട് കൂടിയ സാക്ഷ്യപെടുത്തൽ കാണാൻ കഴിഞ്ഞില്ല.ആകെ 18 മസ്റ്റർ റോളാണ് ഈ പ്രവർത്തിക്കുള്ളത്.

**തൊഴിലിനു വേണ്ടിയുള്ള അപേക്ഷ**

പ്രാദേശികമായി വെള്ള പേപ്പറിൽ തയ്യാറാക്കിയ ഡിമാൻഡ് ഫോറം ആണ് ഫയലിൽ ഉണ്ടായിരുന്നത്.

**മെഷർ മെന്റ് ബുക്ക്**

. ഫയലിനൊപ്പം മെഷർമെൻറ്ബുക്ക് ഉണ്ടായിരുന്നു. എം ബുക്കിൽ പേജ് നമ്പർ, പ്രവർത്തന വിശദവിവരങ്ങൾ, നിർവഹണ ഉദ്യോഗസ്ഥരുടെ ഒപ്പ്, സീൽ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു.

**വേജ് ലിസ്റ്റ്**

വേതനത്തിന് വിവരങ്ങൾ ലഭ്യമാകുന്നത് വേജ് ലിസ്റ്റിൽ നിന്നാണ്.ഫയലിൽ ഈ പ്രവർത്തിയുടെ വേജ് ലിസ്റ്റ് ഉണ്ടായിരുന്നു.

**ഫണ്ട് ട്രാൻസ്ഫർ ഓർഡർ**

ഫണ്ട് ട്രാൻസ്ഫർ ഓർഡർ തൊഴിലാളികൾക്കു വേതനം ലഭിച്ചോ എന്നറിയുവാനുള്ള രേഖയാണ്.ഫയലിൽ ഫണ്ട് ട്രാൻസ്ഫർ ഓർഡർ ഉണ്ടായിരുന്നില്ല.

## കണ്ടെത്തലുകൾ

മെഷർമെന്റ് ബുക്ക് പ്രകാരം ബണ്ട് നിർമാണം 5957m നീളത്തിലാണ്, എന്നാൽ ഫിൽഡ് വെരിഫിക്കേഷൻ നിന്നും 946m ആണ് ലഭ്യമായത്. ജോസ്ന്റ കൃഷി സ്ഥലത്ത് മണ്ണ് പണി തൊഴിൽ ഉറപ്പു വഴി ചെയ്തു. തുടർന്ന് ഗുണഭോക്താവ് തന്നെ മറ്റൊരു പദ്ധതി മുലം ട്രിപ്പ് ഇറിഗേഷൻ ചെയ്തു വേണ്ട നട്ടിരിക്കുന്നു. മാത്രമല്ല പ്രേം,ശ്യാം എന്നിവരുട പ്രവർത്തി സ്ഥലത്ത് ബണ്ട് ചെയ്യതിന്റ ചില ലകഷണങ്ങൾ ഉണ്ടായിരുന്നു.കുടാതെ അവിടെ തെങ്ങിന് തടം തുറക്കൽ, കുഴി എടുക്കൽ എന്നി പ്രവർത്തി കാണാൻ സാതിച്ച.

Citizen information Board ഉണ്ടായിരുന്നില്ല

## നല്ലേല്ലിപ്പടി നടപ്പാത നിർമാണം

**160801000/RC/268697**

| | |
|---|---|
| മെഷർ മെന്റ് ബുക്ക് നമ്പർ | 70/MGNREGS/2018-19 |
| പദ്ധതി ആരംഭം | 10/11/2018 |
| പദ്ധതി അവസാനം | 17/11/2018 |
| എസ്റ്റിമേറ്റ് തുക | 130000 |
| യഥാർത്ഥ ചെലവ് | 105984.36 |
| തൊഴിൽ ദിനങ്ങൾ | 37,6,2 |

### കവർ പേജ്

.ആനുവൽ മാസ്റ്റർ സർക്കുലർ നിഷ്കർഷിക്കുന്ന നിരവധി വിവരങ്ങൾ വ്യക്തമാക്കുന്ന കവർ പേജ് ഉണ്ടായിരുന്നില്ല.

### ചെക്ക് ലിസ്റ്റ്

ചെക്ക് ലിസ്റ്റ് ഫയലിൽ ഉണ്ടായിരുന്നില്ല.

### ആക്ഷൻ പ്ലാനിന്റെ കോപ്പി

ആക്ഷൻ പ്ലാനിന്റ കോപ്പി ഫയലിൽ ഉണ്ടായിരുന്നില്ല..

### എസ്റ്റിമേറ്റ്

സാധാരണക്കാർക്ക് മനസ്സിലാവുക എന്ന ലക്ഷ്യത്തോടെ ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ് നിഷ്കർഷിക്കുന്നു. എന്നാൽ ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ് ഫയലിൽ

കാണാൻ സാധിച്ചില്ല.സെക്യൂരിൽ നിന്നുള്ള എസ്റ്റിമേറ്റ് ഉണ്ടായിരുന്നു.സർവ്വേ ഡാറ്റ സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിരുന്നില്ല.

**സാങ്കേതിക അനുമതി**

തൊഴിലുറപ്പു പദ്ധതിയിൽ ചെയ്യുന്ന എല്ലാ പ്രവർത്തികൾക്കും ഓവർസിയർ,അക്രെഡിറ്റഡ് എഞ്ചിനീയർ,അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ ഉൾപ്പെടുന്ന സാങ്കേതിക കമ്മിറ്റിയുടെ അനുമതി ആവശ്യമാണ്.ഫയലിൽ ഉണ്ടായിരുന്ന സാങ്കേതിക അനുമതിയിൽ മറ്റെരിയൽ കമ്പോണന്റ്, നിർവഹണ ഉദ്യോഗസ്ഥർ ഒപ്പം സീലും രേഖപ്പെടുത്തിയിരുന്നു. അതോടൊപ്പം സെക്യൂരിൽ നിന്നെടുത്ത സാങ്കേതിക അനുമതിയുടെ കോപ്പിയും ഫയലിൽ ഉണ്ടായിരുന്നു.അതിൽ നിർവഹണ ഉദ്യോഗസ്ഥരുടെ ഒപ്പും സീലും കാണാൻ സാധിച്ചില്ല.

**ഭരണാനുമതി :**

പ്രവർത്തി ആരംഭിക്കുന്നതിന് മുൻപ് നിർബന്ധമായും ഉണ്ടായിരിക്കേണ്ട പ്രധാന രേഖകളിൽ ഒന്നാണ് ഭരണാനുമതി.ഭരണാനുമതി ഫയലിൽ കാണാൻ സാധിച്ചു.എന്നാൽ സെക്രട്ടറിയുടെ ഒപ്പ്, സീൽ,തീയതി ഇവ കാണാൻ സാധിച്ചില്ല.പ്രസ്തുത ഫയലിൽ പ്രവർത്തിക്ക് ഗ്രാമസഭ അംഗീകാരം ലഭിച്ചതിന്റെ കോപ്പി,ഭരണസമിതിക്ക് ഗ്രാമസഭ തീരുമാനത്തിന്റെ സമർപ്പിച്ച കോപ്പി,മുതലായവ ഫയലിൽ കണ്ടെത്താൻ സാധിച്ചില്ല.

**സംയോജിത പദ്ധതി വിവരങ്ങൾ**

ഈ പ്രവർത്തിയിൽ ബാധകമല്ല.

**തൊഴിലിനു വേണ്ടിയുള്ള അപേക്ഷ**

തൊഴിൽ ആവശ്യപ്പെട്ട തൊഴിലാളി പഞ്ചായത്തിൽ സമർപ്പിക്കുന്ന അപേക്ഷ ഫയലിൽ കാണേണ്ടതാണ്.ഏത് തീയതി മുതൽ എന്നും എത്ര ദിവസത്തേക്കാണെന്നും അപേക്ഷ സമർപ്പിച്ചത് എന്നും ,15 ദിവസത്തിനകം തൊഴിൽ നൽകിയിട്ടുണ്ടോ എന്നും അല്ലാത്ത പക്ഷം അർഹതപ്പെട്ട തൊഴിലില്ലായ്മ വേതനം നൽകിയിട്ടുണ്ടോ എന്നും മനസ്സിലാക്കുന്നതിന് ഡിമാൻഡ് ഫോം അത്യാവശ്യം ആണ്.എന്നാൽ ഈ ഫയലിൽ ഒരു വിധത്തിലും ഉള്ള ഡിമാൻഡ് ഫോം കണ്ടെത്താൻ സാധിച്ചില്ല.

**വർക്ക് അലൊക്കേഷൻ ഫോം :**

തൊഴിൽ ആവശ്യപ്പെട്ടവർക്കു തൊഴിൽ അനുവാദിച്ചുകൊണ്ടുള്ള വർക്ക് അലൊക്കേഷൻ ഫോം ഫയലിൽ കണ്ടെത്താൻ സാധിച്ചില്ല.

**ഇ -മസ്റ്റർ റോൾ**

തൊഴിലാളികൾക്ക് തൊഴിൽ ചെയ്യുന്ന തീയതി,തൊഴിൽ ദിനങ്ങൾ,ഒപ്പ് രേഖപ്പെടുത്തൽ എന്നിവ വളരെ പ്രധാനപ്പെട്ടതാണ്.അതിനുള്ള അടിസ്ഥാന രേഖയായ ഇ- മസ്റ്റർ റോൾ ഈ ഫയലിൽ ഉണ്ടായിരുന്നു.മസ്റ്റർ റോളിൽ ബി ഡി ഓ,പഞ്ചായത്ത് സെക്രട്ടറി എന്നിവരുടെ ഒപ്പ്, സീൽ,എന്നിവ ഉണ്ടായിരുന്നു.എന്നാൽ തീയതി രേഖപ്പെടുത്തിയിരുന്നില്ല.തൊഴിലാളികളുടെ ഒപ്പ്, , തൊഴിൽ ദിനങ്ങൾ,കൂലി മുതലായ വിവരങ്ങൾ രേഖപ്പെടുത്തിയിരുന്നു.

**എം ബുക്ക്**

പ്രവർത്തിയുടെ അളവ് രേഖപ്പെടുത്താനുള്ള ആധികാരിക രേഖയും ഫയലിൽ നിർബന്ധമായും കാണേണ്ടതുമാണ് എം ബുക്ക്.ഇതിൽ പ്രവർത്തി ആരംഭിക്കുന്നതിന് മുൻപുള്ള അളവുകൾ (പ്രീ മെഷരമെന്റ്) പ്രവർത്തിക്കു ശേഷമുള്ള യഥാർത്ഥ അളവുകൾ എന്നിവ രേഖപ്പെടുത്തേണ്ടതാണ്.ചില പേജുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് മാത്രമോ ചില സ്ഥലങ്ങളിൽ ഒപ്പും സീലും എന്നിവ മാത്രം കാണാൻ സാധിച്ചു.എന്നാൽ തീയതി മിക്ക സ്ഥലങ്ങളിലും രേഖപ്പെടുത്തിയിരുന്നില്ല.തീയതി രേഖപ്പെടുത്തിയാൽ മാത്രമേ ആര് എപ്പോൾ അളവുകൾ രേഖപ്പെടുത്തിയെന്നും ,ആര്, എപ്പോൾ അത് ക്രോസ്സ് ചെക്ക് ചെയ്തു എന്നും മനസിലാക്കാൻ സാധിക്കുകയുള്ളു..

മെഷർമെന്റ് ബുക്ക് പ്രകാരം 60m നീളത്തിലും 2m വീതിയിലും റോഡു കൊണ്ക്രീറ്റ് ചെയ്തിരിക്കുന്നു. കൂടാതെ അവിതക്ത തൊഴിൽ,സെമി സ്കിൽ ,സ്കിൽ തൊഴിലാളികളുടെ വേദനവും, CIB യുടെ തുകയും ചിലവഴയ്ച്ചിട്ടുണ്ട്.എം.ബുക്ക്.സക്ഷിപ്പെടുതിയതായി കണ്ടില്ല.

**മെറ്റീരിയൽ കൊട്ടേഷൻ ഡീറ്റൈൽസ്**

മെറ്റീരിയൽ ഉപയോഗിച്ചിട്ടുള്ള വർക്ക് ആയതിനാൽ ഇവ ബാധകമാണ്.എന്നാൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ ഫയലിൽ ഉണ്ടായിരുന്നില്ല.

**വേജ് ലിസ്റ്റ്** :

തൊഴിൽ ചെയ്ത തൊഴിലാളികൾക്ക് വേതനം നൽകുന്നതിന് ആവശ്യമായ പ്രധാനപ്പെട്ട രേഖകളിലൊന്നാണ് വേജ് ലിസ്റ്റ്.എം.ഐ.എസ് ൽ നിന്നും ശേഖരിച്ച വേജ് ലിസ്റ്റ് ഫയലിൽ ഉണ്ടായിരുന്നു.

**ഫണ്ട് ട്രാൻസ്ഫർ ഓർഡർ :**

ഫയലിൽ ഉണ്ടാകേണ്ട ഒരു പ്രധാന രേഖയാണ് ഫണ്ട് ട്രാൻസ്ഫർ ഓർഡർ.വേജ് ലീസ്റ്റിനു ആനുപാതികമായ ഫണ്ട് ട്രാൻസ്ഫർ ഓർഡർ ഫയലിൽ കാണാൻ സാധിച്ചില്ല.

**മെറ്റീരിയൽ -വൗച്ചർ,ബില്ല്,റോയൽറ്റി**

ഇതു ഫയലിൽ ഉണ്ടായിരുന്നില്ല.

**ഫോട്ടോഗ്രാഫ് :**

ഈ പ്രവർത്തിയുമായി ബന്ധപ്പെട്ട പ്രവർത്തി ആരംഭിക്കുന്നതിന് മുൻപും നടന്നുകൊണ്ടിരിക്കുമ്പോഴും പൂർത്തീകരിച്ച ശേഷവും ഉള്ള ഫോട്ടോഗ്രാഫ്സ് ഫയലിൽ കാണാൻ സാധിചില്ല..

**പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം**

അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയ പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ഫയലിൽ ഉണ്ടാവേണ്ടതാണ്.എന്നാൽ ഈ പ്രവർത്തിയുടെ ഫയലിൽ ഉണ്ടായിരുന്നല്ല.

**മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്** :

മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ് ഫയലിൽ ഉണ്ടായിരുന്നു. എന്നാൽ മ സ്റ്റർ റോൾ നമ്പറുകൾ രേഖപ്പെടുത്തിയിരുന്നില്ല.ഇതിൽ പല കോളങ്ങളും പൂരിപ്പിച്ചിട്ടില്ല.

**ജിയോ ടാഗ്ഗ് ഫോട്ടോ:**

ഫയലിൽ ഉണ്ടായിരുന്നില്ല.

**സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി:**

ഫയലിൽ കാണാൻ സാധിച്ചില്ല.

**സൈറ്റ് ഡയറി :**

സൈറ്റ് ഡയറി ഫയലിനൊപ്പം ഉണ്ടായിരുന്നു.രേഖപ്പെടുത്തേണ്ട അടിസ്ഥാന വിവരങ്ങൾ എല്ലാം തന്നെ സൈറ്റ് ഡയറി യിൽയിൽ രേഖപ്പെടുത്തിയിരുന്നു. എന്നാൽ വി.എം.സി. അംഗങ്ങളുടെ സാക്ഷ്യപത്രത്തിൽ അവരുട പേരിനു പകരം സമീപ പ്രദേശത്തെ ആളുകളുട പേര് എഴുതി ഒപ്പിട്ടിരിക്കുകയാണ്.

**കണ്ടെത്തലുകൾ**

- **ദുർബല ജനവിഭാകങ്ങൾക്ക് സഞ്ചരിക്കുന്നതിനു വേണ്ടി തൊഴിലുറപ്പ് വഴി ചെയ്യുതാണ് നല്ലെല്ലിപ്പടി നടപ്പാത നിർമാണം.**

- **CIB പ്രവർത്തി സ്ഥലത്ത് സ്ഥാപിച്ചിട്ടുണ്ട്. എന്നാൽCIB സ്ഥാപിചിത്രിക്കുന്നത് AMC പ്രകാരമുള്ള അളവുകളിലാണോ എന്നാ കാര്യത്തിൽ വ്യക്തതയില്ല.**

- **സമീപപ്രദേശത്തെ ജനംങ്ങളോട് സംസാരിച്ചതിൽ നിന്ന് മനസില്ലക്കാൻ സാദിച്ചത് ഈ പ്രവർത്തി കോൺട്രാക്ചർ ന്റ തൊഴിലാളികളാണ് ചെയ്യിരിക്കുന്നത്.**

## തൊഴുത്ത് നിർമ്മാണം സ്മിത ജോസ്

**1608001001/IF /398285**

| | |
|---|---|
| മെഷർ മെന്റ് ബുക്ക് നമ്പർ | 391/MGNREGS//2018-19 |
| പദ്ധതി ആരംഭം | 08/03/2019 |
| പദ്ധതി അവസാനം | 12/03/2019 |
| എസ്റ്റിമേറ്റ് തുക | 73972 |
| യഥാർത്ഥ ചെലവ് | 45729 |
| തൊഴിൽ ദിനങ്ങൾ | 23 |

**കവർ പേജ്**

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള കവർപേജ് ഫയലിൽ ഉണ്ടായിരുന്നു. എന്നാൽ പഞ്ചായത്തിന്റെ പേര് ,വർക്കിന്റെ പേര്, അടങ്കൽ തുക, യഥാർത്ഥ ചെലവ്, തുടങ്ങിയ വിവരങ്ങൾ മാത്രമാണ് കാണാൻ സാധിച്ചത്.

**ചെക്ക് ലിസ്റ്റ്**

ചെക്ക് ലിസ്റ്റ് കാണാൻ സാധിചില്ല.

**ആക്ഷൻ പ്ലാൻ**

തൊഴിലുറപ്പ് പദ്ധതി പ്രകാരം ആ സാമ്പത്തികവർഷം ചേയ്യേണ്ട പ്രവൃത്തികളുടെ വിവരങ്ങളാന്ന് ആക്ഷൻ പ്ലാൻ .എങ്കിലും പ്രസ്തുത ഫയലിൽ ആക്ഷൻ പ്ലാനിന്റെ കോപ്പി ഉണ്ടായിരുന്നില്ല.

**സാങ്കേതികാനുമതി (TS)**

സെക്യൂറിൽ നിന്നുള്ള സാങ്കേതികാനുമതിയും ,ടെക്ക്നിക്കൽ കമ്മറ്റി യോഗം ചേർന്നു T.S നൽകിയതിന്റെയും രേഖകൾ ഉണ്ടായിരുന്നു. എന്നാൽ സെക്യൂറി ൽ നിന്നും എടുത്ത T.S ൽ ബന്ധപ്പെട്ടവരുടെ ഒപ്പ്, സീൽ, തീയതി എന്നിവ രേഖപ്പെടുത്തിയിരുന്നില്ല.

**എസ്റ്റിമേറ്റ്**

സെക്യൂറിൽ നിന്നും എടുത്ത വിശദമായ എസ്റ്റിമേറ്റ് കാണാൻ സാധിച്ചു. ഈ ഫയലിൽ മെറ്റിരിയൽ കംബോണന്റ്,അവിതക്ത,വിതക്ത,അർദ്ധവിതക്ത തൊഴിൽ വിവരങ്ങൾ എന്നിവ ഉണ്ടായിരുന്നു. എന്നാൽ ജനകീയ എസ്റ്റിമേറ്റ് കാണാൻ സാധിച്ചില്ല.

**ഭരണാനുമതി**

പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപ് നിർബന്ധമായും ലഭ്യമാകേണ്ട അനുമതിയാണ് ഭരണാനുമതി. ഈ ഫയലിൽ ഭരണാനുമതി ഉണ്ടായിരുന്നില്ല..

**സംയോജിത പദ്ധതി**

സംയോജിത പദ്ധതി അല്ലാത്തതിനാൽ ബാധകമല്ല.

**തൊഴിലിനു വേണ്ടിയുള്ള അപേക്ഷ**

തൊഴിൽ ആവശ്യപ്പട്ടുകൊണ്ടുള്ള അപേക്ഷ കാണാൻ സാധിച്ചില്ല.

**മെറ്റിരിയൽസ്**

ബാധകമാണ്.എന്നാൽ വർക്ക് ഫയലിൽ ഉണ്ടായിരുന്നില്ല.

**വർക്ക് അല്ലോക്കെഷൻ**

തൊഴിലാളിക്ക് എത്ര ദിവസത്തെക്കാണ് തൊഴിൽ അനുവദിക്കണമെന്നു സൂചിപ്പിക്കുന്ന വർക്ക് അല്ലോക്കെഷൻ ഫോം ഫയലിൽ ഉണ്ടായിരുന്നു.

**വേജ്ലിസ്റ്റ്**

വേയ്ജ് ലിസ്റ്റിന്റെ കോപ്പി ഉണ്ടായിരുന്നു

**എഫ്.ടി.ഒ**

തൊഴിലാളികൾക്ക് അവരുടെ തൊഴിലിന് വേതനം നൽകുന്നതിന്റ അവസാന ഘട്ടമായ എഫ്.ടി.ഒ. ഈ ഫയലിൽ കാണാൻ സാധിച്ചില്ല.

**റോയൽറ്റി**

ഈ പ്രവർത്തിയിൽ ബാധകമല്ല

**ഫോട്ടോഗ്രാഫ്**

പ്രവർത്തിയുടെ മൂന്ന് ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിച്ചിരുന്നില്ല.

**ഇ മസ്റ്റർ റോൾ**

തൊഴിലാളികൾ തൊഴിൽ ചെയ്യുന്ന ദിവസങ്ങളിലെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള രേഖയാണ് ഇ മസ്റ്റർ റോൾ തൊഴിലുറപ്പ് പദ്ധതിയിൽ വളരെ പ്രധാനപ്പട്ട രേഖകളിൽ ഒന്നാണ് ഇത് .വെട്ടി തിരുത്തലുകൾ ,തെറ്റുകൾ എന്നിവ വരുത്താതെ സൂക്ഷിക്കേണ്ട .മാത്രമല്ല പ്രവൃത്തി ദിവസങ്ങളിൽ ഇ മസ്റ്റർ റോൾ നിർബന്ധമായും സൈറ്റിൽ ഉണ്ടാകേണ്ടതുമാണ്.പ്രസ്തുത ഫയലിൽ ഇ മസ്റ്റർ റോൾ കാണുകയും അതിൽ ബ്ലോക്ക് പ്രോഗ്രാം ഓഫിസർ ,പഞ്ചായത്ത് സെക്രട്ടറി എന്നിവരുടെ ഒപ്പ്, സീൽ എന്നിവ ഉണ്ടെങ്കിലും,തീയതി രേഖപ്പെടുത്തിയിരുന്നില്ല. തൊഴിലാളികളുടെ ഒപ്പ് മറ്റു അനുബന്ധ വിവരങ്ങൾ എന്നിവ കാണാൻ സാധിച്ചു.

**എം. ബുക്ക്**

പ്രവൃത്തി തുടങ്ങുന്നതിന് മുൻപ് പ്രീമെഷർമെന്റ് ഉം പ്രവൃത്തി പൂർത്തികരിക്കുന്ന മുറക്ക് അളവുകൾ രേഖപ്പെടുത്തുന്നതിനുള്ള ആധികാരിക രേഖയാണ് എം.ബുക്ക്. പ്രവൃത്തി തുടങ്ങുന്നതിന് മുൻപ് സാധാരണഗതിയിൽ രേഖപ്പെടുത്തുന്ന പ്രീമെഷർമെന്റ് ഈ പദ്ധതിയുടെ എം.ബുക്കിൽ കാണാൻ സാധിച്ചു. കൂടാതെ മെറ്റിരിയൽ കംബോണന്റ്,വേദന ഘടകം,CIB ചിലവഴിച്ച തുകയും എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. അളവുകൾ രേഖപ്പെടുത്തുമ്പോഴും അത് AE ഉറപ്പ് വരുത്തുന്ന ഘട്ടത്തിലും ഉദ്യോഗസ്ഥരുടെ ഒപ്പ്, സീൽ, തീയതി എന്നിവ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ചിലയിടങ്ങളിൽ തീയതി രേഖപ്പെടുത്തി കണ്ടില്ല.

**പൂർത്തികരണ** സാക്ഷ്യ**പത്രം**

പ്രവൃത്തി പൂർത്തീകരിക്കരിക്കുന്ന മുറക്ക് അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുത്തി നിഷ്കർഷിച്ചിരിക്കുന്ന മാതൃകയിൽ സൂക്ഷിക്കേണ്ട പൂർത്തികരണ സാക്ഷ്യപത്രം കാണാൻ സാധിച്ചില്ല.

**മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ്**

ഫയലിൽ കണ്ടെത്താൻ സാധിചില്ല.

**ജിയോടാഗ്ഗ് ഫോട്ടോഗ്രാഫ്**

പ്രവൃത്തിയുടെ സ്ഥലം തിരിച്ചറിയുന്നതിനുള്ള ജിയോ ടാഗ്ഗ് ഫോട്ടോ ഗ്രാഫ്സ് വർക്ക് ഫയലിൽ ഉണ്ടായിരുന്നില്ല.

## സൈറ്റ് ഡയറി

നിർബന്ധമായും പ്രവൃത്തി നടക്കുന്ന സമയത്ത് പ്രവൃത്തി സ്ഥലത്തും അതിനു ശേഷം ഫയലിലും കാണേണ്ട സൈറ്റ് ഡയറി ഉണ്ടായിരുന്നില്ല.

## നീർത്തടത്തിൽ ഉൾപ്പെട്ട ഭൂമിയിലെ മണ്ണ് -ജല സംരക്ഷണ പ്രവർത്തികൾ - പ്രധാന കണ്ടെത്തലുകളും നിരീക്ഷണങ്ങളും :

1.നീർത്തടധിഷ്ഠിത പ്രവർത്തികൾ ഏതു ഭാഗത്ത്(ആരുടെ ഭൂമിയിൽ),എത്ര അളവിൽ നടന്നു എന്നിവ കൃത്യമായി മനസ്സിലാക്കുന്നതിന് ഉതകുന്ന യാതൊരു വിധത്തിലുമുള്ള രേഖകളും കാണുന്നതിനോ ഉദ്യാഗസ്ഥർക്കു കൈമാറുന്നതിനോ സാധിക്കുന്നില്ല.

2.പ്രവർത്തി ചെയ്യുന്ന സ്ഥലത്തിന്റെ സർവ്വേ നമ്പർ വ്യക്തമാക്കുന്ന കരം തീർത്തിന്റെ കോപ്പി,ഭൂവുടമയുടെ പേര്, അനുബന്ധ വിവരങ്ങൾ എന്നിവ ഓരോ മസ്റ്റർ റോൾ പൂർത്തീകരിച്ചു കഴിയുമ്പോളും അതിനൊപ്പം ചേർത്ത് പഞ്ചായത്തിൽ സമർപ്പിക്കാറുണ്ട് അങ്ങനെയാണെങ്കിൽ ആ വിവരങ്ങൾ പഞ്ചായത്തിൽ പരിശോധിക്കാവുന്ന രീതിയിൽ ഡോക്യുമെന്റ് ചെയ്യപ്പെട്ടിട്ടില്ല.

3.എം ബുക്കിൽ ,ബണ്ട്, തോട്, എന്നിവയാണ് പ്രധാന ഇനം പ്രവർത്തിയായി കണ്ടത്. അവയിൽ പലതും കണ്ടെത്തുന്നതിനോ ,അളന്നോ/എണ്ണിയോ തിട്ടപ്പെടുത്തുന്നതിനോ സോഷ്യൽ ടീം അംഗങ്ങൾക്ക് താഴെ പറയുന്ന പ്രശ്നങ്ങൾ നേരിട്ടു:

* ചെയ്ത ഭൂമി കണ്ടെത്തുന്നതിനുള്ള ഏക മാർഗം മേറ്റിന്റെയും, ഓവർസിയർന്റെയും വാക്കാലുള്ള വിവരങ്ങളാണ്.എന്നാലും ചിലരുടെ പേര് എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഒരാളുടെ സ്ഥലത്ത് തന്നെ ഒന്നിൽ കൂടുതൽ പ്രവർത്തി ചെയ്യുന്നതിനാൽ ഓരോ പ്രവർത്തിയുടെ അളവുകൾ വേർതിരിചെടുക്കുന്നതിനു പ്രയാസമാണ്.

4.എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഗുണഭോക്താക്കൾക്ക് അവരുടെ ഭൂമിയുടെ/കൃഷിയുടെ സ്വഭാവത്തിനനുസരിച് അനുവദനീയമായ പ്രവർത്തികളിൽ ഏതെല്ലാം സാധ്യമാണെന്ന് ആശയ വിനിമയം നടത്തുന്നതിൽ പരാജയപ്പെടുന്നതിനാൽ എസ്റ്റിമെറ്റിൽ നിന്നും വിഭിന്നമായി ഗുണഭോക്താക്കളുടെ ആവശ്യത്തിനനുസരിച്ചു തൊഴിലാളികൾക്ക് ജോലി ചെയ്യേണ്ടി വരികയും എസ്റ്റിമെറ്റിൽ പ്രതിപാദികാത്ത ഇനം പ്രവർത്തികളും ഫീൽഡിൽ കാണാൻ സാധിച്ചു.( തെങ്ങ്, ജാതി എന്നിവക്കു തടം തുറക്കൽ).

## പൗര വിവര രേഖ

പ്രവർത്തി നടന്നുകൊണ്ടിരിക്കുന്ന സ്ഥല സന്ദർശന സമയത്ത് ഒരു ഗുനഭോക്തവിന്റ പറമ്പിലാണ് തൊഴിലാളികൾ പണി ചെയ്തുകൊണ്ടിരുന്നത്. ആയതിനാൽ താത്കാലിക ബോർഡ് അവിടെ കാണുവാൻ സാദിച്ചില്ല. തൊഴിലാളികൾ സംസാരിച്ചതിന്റ അടിസ്ഥാനത്തിൽ പ്രവർത്തി പൂര്ത്തികരിച്ചതിനുശേഷമാണു ബോർഡ് സ്ഥപിക്കുനത്.

**പ്രവർത്തി ആരംഭ മീറ്റിംഗ്**

പ്രൊജക്റ്റ് മീറ്റിംഗിൽ മെമ്പർ, ഓവർസിയർ എന്നിവർ പങ്കെടുക്കാറുണ്ടെന്നും, അളവുകലെപ്പറ്റി വിവരിച്ചു നൽകാറുണ്ട് എന്നും അവർ പറയുകയുണ്ടായി.

**മസ്റ്റർ റോൾ**

മസ്റ്റർ റോൾ പ്രകാരം രണ്ടു ബാച്ചുകളിലായി 49 തൊഴിലാളികളും, രണ്ടു മേറ്റുമാണ് പണിസ്ഥലത്ത് ഉണ്ടായിരുന്നത്.മസ്റ്റർ റോളിൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെയും, പഞ്ചായത്തു സെക്രട്ടറിയുടെയും  ഒപ്പ് രേഖപെടുത്തിയിട്ടുണ്ടായിരുന്നു. പണിസ്ഥലത്തു് ഹാജരായിരുന്ന എല്ലാ തൊഴിലാളികളും തന്നെ മസ്റ്റർ റോളിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

എസ്റ്റിമേറ്റ്

തൊഴിലിടങ്ങളിൽ ജനകിയ എസ്റ്റിമേറ്റ് സൂക്ഷികേണ്ടതാണ്എന്നാൽ സന്ദർശന സമയത്തു ജനകീയ എസ്റ്റിമേറ്റ് ഉണ്ടായിരുന്നില്ല.

**അടിസ്ഥാന സൗകര്യങ്ങൾ**

തൊഴിലാളികൾക്ക് തൊഴിൽ സ്ഥലത്ത് കുടിവെള്ളം, തണൽ, പ്രാഥമിക വൈദ്യ സഹായം, ക്രഷ് എന്നീ സൗകര്യങ്ങൾ ലഭിക്കുന്നതിനുള്ള അവകാശമുണ്ട്. പ്രഥമ ശുശ്രൂഷ കിറ്റിന് വേണ്ട മരുന്നുകൾ പ്രാഥമികാരോഗ്യകേന്ദ്രംത്തിൽ നിന്നും ലഭിക്കുന്നു.എന്നാൽ സ്വന്തം ചിലവിലാണ് തണൽ സംവിധാനം,കുടിവെള്ളം, എന്നിവ ഒരുക്കുന്നതെന്ന് **തൊഴിലാളികൾ തന്നെ പറയുകയുണ്ടായി.** കുടിവെള്ളം അടുത്തുള്ള  വീടുകളിൽ നിന്ന് ശേഖരിച്ചു കൊണ്ടുവെച്ചിരിക്കുന്നു

തണലിനായി ഒരു ഷീറ്റ് തൊഴിലാളികളുടെ കൈവശം ഉണ്ടായിരുന്നു. സന്ദർശന സമയത്തു ആ ടാർപ്പായ കെട്ടിയിരുന്നു.

**തൊഴിലിനു വേണ്ടിയുള്ള അപേക്ഷ**

തൊഴിലിനു വേണ്ടിയുള്ള അപേക്ഷ  തൊഴിലാളികൾ മേറ്റിന്റെ കൈവശമാണ് കൊടുക്കാറുള്ളത്. പ്രൊജക്റ്റ് മീറ്റിംഗിന്റെ സമയത്താണ് തൊഴിലാളികൾ തൊഴിലിന് വേണ്ടി അപേക്ഷിക്കുന്നത്. വെള്ള പേപ്പറിലാണ് എല്ലാവരുടെയും പേരുവിവരങ്ങൾ രേഖപെടുത്താറുള്ളതെന്ന് തൊഴിലാളികൾ പറയുകയുണ്ടായി.

**തൊഴിൽ കാർഡ്**

സാധാരണയായി തൊഴിൽ കാർഡ് സൂക്ഷിക്കേണ്ടത് തൊഴിലാളികളുടെ കൈവശമാണ്.എല്ലാ തൊഴിലാളികളുടെയും തൊഴിൽ കാർഡ് പണിസ്ഥലത്തു

ലഭ്യമായിരുന്നു. പുതിയ തൊഴിൽ കാർഡും ഉണ്ടായിരുന്നു. എന്നാൽ പുതിയ തൊഴിൽ കാർഡിൽ വിവരങ്ങൾ രേഖ പെടുത്തിയിട്ടുണ്ടായിരുന്നു. അപകടം

തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നയാൾക്ക് പ്രവർത്തി ചെയ്യുന്ന വേളയിലോ പ്രവർത്തി മൂലമോ, അപകടങ്ങളാൽ പരിക്ക് പറ്റുകയാണെങ്കിൽ തൊഴിലാളിക്ക് ആവശ്യമായി വരുന്ന വൈദ്യ ചികിത്സ സൗജന്യമായി ലഭിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.പരിക്ക് പറ്റിയ തൊഴിലാളിയെ ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടി വരുമ്പോൾ താമസം ചികിത്സ, മരുന്നുകൾ, വേതന നിരക്കിന്റെ പകുതിയിൽ കുറയാത്ത ദിനബത്ത എന്നിവയുൾപ്പെടെയുള്ള ആശുപത്രി ചികിത്സ, നൽകേണ്ടതാണ്. തൊഴിലിൽ ഏർപ്പെടുന്നയാൾക്ക് പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുമ്പോഴോ പ്രവൃത്തി മൂലമോ ഉണ്ടാകുന്ന അപകടങ്ങളിൽ നിന്ന് മരണമോ, സ്ഥിരമായ വൈകല്യമോ സംഭവിക്കുമ്പോൾ, തൊഴിലാളിക്കൊ നിയമപ്രകാരമുള്ള അനന്തരാവകാശികൾക്കോ സന്ദർഭമനുസരിച്ച് കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള എക്രേസ്യഷ്യ സേവനം നൽകേണ്ടതാണ്.

ഈ അവകാശങ്ങളെ കുറിച്ച് തൊഴിലാളികൾക്ക് വ്യക്തമായ ധാരണ ഉണ്ടായിരുന്നില്ല. സോഷ്യൽ ഓഡിറ്റ് അംഗങ്ങൾ ഇതിനെ കുറിച്ച് പറഞ്ഞു കൊടുത്തു. ഇതിനു മുൻപ് തൊഴിലിടങ്ങളിൽ അപകടം നടന്നിട്ടുണ്ടെകിലും (2016 ൽ) ചികിത്സ ചെലവിനു വേണ്ടി അപേക്ഷിച്ചിട്ടും പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല എന്നും തൊഴിലാളികൾ പറയുകയുണ്ടായി.

## കൂലി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം വകുപ്പ് 6(1). 1948 -ലെ മിനിമം കൂലി നിയമത്തിൽ അടങ്ങിയിട്ടുള്ളതാണ്. എന്തുകാരണവശാലും കേന്ദ്രസർക്കാരിന് ഈ ആക്ടിന്റെ ആവശ്യത്തിനായി കൂലി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യാവുന്നതാണ്. വ്യത്യസ്ത പ്രദേശങ്ങൾക്ക് വ്യത്യസ്ത കൂലി നിരക്ക് നിശ്ചയിക്കാവുന്നതാണ്. ഇത്തരം വിജ്ഞാപനങ്ങളിലൂടെ കാലാകാലങ്ങളിൽ പുതുക്കുന്ന കൂലി നിരക്ക് ഒരു കാരണവശാലും പ്രതിദിനം 60/- രൂപയിൽ കുറയാൻ പാടില്ലാത്തതാണ്. മസ്റ്റർറോൾ ക്ലോസ് ചെയ്ത് 15 ദിവസത്തിനുള്ളിൽ കൂലി ലഭിക്കാൻ ഏതു തൊഴിലാളിക്കും അവകാശമുണ്ട്. തുടക്കത്തിൽ കൃത്യമായി ലഭിച്ചിരുന്നുവെന്നും ഇപ്പോൾ ആണ് കൂലി ലഭിക്കാൻ കാലതാമസം നേരിടുന്നതെന്നു തൊഴിലാളികൾ പറയുകയുണ്ടായി.

## സുരക്ഷാ ഉപകരണങ്ങൾ

സുരക്ഷാ ഉപകരണങ്ങളായ കൈയുറ, കാലുറ എന്നിവ ആവശ്യാനുസരണം പ്രവൃത്തികൾക്കു ലഭ്യമാകാറില്ലേന്നു തൊഴിലാളികൾ പറയുകയുണ്ടായി . ആകെ 2 ജോഡി ഷൂസ് മാത്രമാണ് എല്ലാവർക്കും കൂടെ ഉണ്ടായിരുന്നത്. കൂടാതെ തൊഴിൽ ഉപകരണങ്ങൾ സ്വന്തം ചിലവിലാണ് തൊഴിലാളികൾ വാങ്ങുന്നത്. അതിന്റെ വാടകയും അവർക്ക് ലഭിക്കുന്നില്ല.

## പ്രധാന കണ്ടെത്തലുകളും നിർദേശങ്ങളും :

1. 1608001001/LD/240507
   എം.ബുക്ക് .പ്രാകാരം ബണ്ടിന്റ നീളം:1463.6m, വീതി:90cm,ഉയരം: 1m ആണ്. എന്നാൽ ഫീൽഡ് തലത്തിൽ അളന്നു തിട്ടപ്പെട്ടുത്തിയപ്പോൾ ബണ്ടിന്റ നീളം: 1140 m, വീതി:90cm,ഉയരം: 20-30cm ആണ് ലഭ്യമായത്.
2. 1608001001/LD/323745
   എം.ബുക്ക് .പ്രാകാരം ബണ്ടിന്റ നീളം:632.04m, വീതി:15-40cm, ആണ്. എന്നാൽ ഫീൽഡ് തലത്തിൽ അളന്നു തിട്ടപ്പെട്ടുത്തിയപ്പോൾ ബണ്ടിന്റ നീളം: 586 m, വീതി:25-90cm, ആണ് ലഭ്യമായത്.

   3.1608001001/LD/327494

   എം.ബുക്ക് .പ്രാകാരം ബണ്ടിന്റ നീളം:1125 m, വീതി:90cm,ഉയരം: 30-60cm ആണ്. എന്നാൽ ഫീൽഡ് തലത്തിൽ അളന്നു തിട്ടപ്പെട്ടുത്തിയപ്പോൾ ബണ്ടിന്റ നീളം: 878.5 m, വീതി:90cm,ഉയരം: 20-30cm ആണ് ലഭ്യമായത്.

   4. 3.1608001001/LD/327495

   എം.ബുക്ക് .പ്രാകാരം ബണ്ടിന്റ നീളം:5957 m, വീതി:1.50cm,ഉയരം: 60cm ആണ്. എന്നാൽ ഫീൽഡ് തലത്തിൽ അളന്നു തിട്ടപ്പെട്ടുത്തിയപ്പോൾ ബണ്ടിന്റ നീളം: 946 m, വീതി:60cm,ഉയരം: 20-30cm ആണ് ലഭ്യമായത്

.

## പൊതു നിരീക്ഷണങ്ങൾ

- സാധാരണക്കാരനായ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിന് അതീവതാൽപര്യം തൊഴിലുറപ്പുപദ്ധതി ജീവനക്കാരും മേറ്റും മെമ്പറും കാണിക്കുന്നുണ്ട്

- മസ്റ്റർ റോളുകളിൽ വെട്ടിത്തിരുത്തലുകൾ ഉണ്ടാകുന്നതായിശ്രദ്ധയിൽപ്പെട്ടു.എന്തെന്നാൽ നിർവഹണ ഉദ്യോഗസ്ഥരും,മേറ്റും, ഇതിനു പ്രതേക ശ്രദ്ധ ചെലുത്തേണ്ടതുണ്ട്

* CIB യിൽ പദ്ധതിയുടെ പ്രാഥമിക വിവരങ്ങൾ ശരിയായി ചേർക്കേണ്ടതുണ്ട്.മാത്രമല്ല അവയുടെ അളവുകളും കൃത്യമായിരിക്കണം.

* സ്വകാര്യ ഭൂമിയിലെ പ്രവൃത്തികൾ ചെയ്യുമ്പോൾ എവിടെ, എന്ന്, എത്ര പ്രവൃത്തി ചെയ്തു എന്ന് വ്യക്തമാക്കുന്ന വിധത്തിൽ ലിസ്റ്റ് ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്. (സർവ്വേ വിവരണങ്ങൾ)

* തൊഴിൽ നൽകുന്നതിനുള്ള പരിശ്രമത്തിന്റെ ഭാഗമായി പ്രവൃത്തികളുടെ ഗുണനിലവാരത്തിൽ വിട്ടുവീഴ്ച്ച ചെയ്തിരിക്കുന്നു.

* പ്രവൃത്തിയുടെ അളവ്, എണ്ണം, ഉദ്യേശ ലക്ഷ്യങ്ങൾ എന്നിവ സംബന്ധിച്ച് തൊഴിലളികൾക്കുള്ള ധാരണ കുറവാണു.

* പ്രവൃത്തിയുടെ ഫിൽഡ് തലത്തിലുള്ള .പരിശോധനകൾ നടത്തുവാൻ തൊഴിലുറപ്പ് പദ്ധതിയിലെ ജീവനക്കാർ അല്ലാത്ത ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും ശ്രമങ്ങൾ ഉണ്ടാകുന്നുണ്ടോ എന്ന് സംശയിക്കുന്നു.

* തൊഴിലാളികളുടെ അവകാശങ്ങൾ പല വിധത്തിലും ഹനിക്കപ്പെടുന്നു.

a.തൊഴിലാളികൾക്ക് കൈപ്പറ്റ് രസീത് നൽകുന്നതായി കാണുന്നില്ല.

b. ചികിൽസാ ചെലവ് സംബന്ധിച്ച് ആനുകൂല്യം ഒന്നും തന്നെ ലഭ്യമായിട്ടില്ല എന്നത് മുൻ അനുഭവങ്ങൾ അനുസരിച്ച് തൊഴിലാളികൾ ഓർമ്മിപ്പിച്ചു.

c. സുരക്ഷ ഉപകരണങ്ങൾ നൽകുന്നതിൽ വീഴ്ചകൾ സംഭവിക്കുന്നു.

* തൊഴിൽ കാർഡിൽ എല്ലാ വിവരങ്ങളും രേഖപ്പെടുതന്നം

- വർക്ക് ഫയലിൽ ഉൾപ്പെടുത്തേണ്ട 22 ഇനം ഡോക്യൂമെന്റുകൾ എല്ലാം തന്നെ ഫയലിൽ ഉൾപെടുത്തുന്നില്ല.
- സെവൻ രജിസ്റ്റെറർ ക്രത്യമായി സൂക്ഷിക്കുന്നില്ല.ആയതിനാൽ അതിനു വേണ്ട ശ്രദ്ധ പഞ്ചായത്ത് തലത്തിൽ കൊടുക്കേണ്ടതുണ്.
- എസ്റ്റിമേറ്റ് ജനകിയ ഭാഷയിൽ എഴുതുന്നില്ല.
- ലേബർ ഗ്രൂപ്പുകളുടെ പ്രവർത്തനം ശ്ക്തിപ്പെടുത്തണം. പ്രവർത്തി സ്ഥലത്ത് CIB സ്ഥാപിക്കണം.
- VMC അംഗങ്ങളുടെ പ്രവർത്തനം ശ്ക്തിപ്പെടുത്തണം
- സമയബന്ധിതമായി കൂലി ലഭിക്കേണ്ട പ്രവർത്തനങ്ങൾ അവലംഭിക്കണം.

## നന്ദി

ആലങ്ങാട് ബ്ലോക്കിലെ വാർഡ് അഞ്ചിലെ 2018-19സാമ്പത്തിക വർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച

ബഹുമാനപ്പെട്ട ആലങ്ങാട് പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ, തൊഴിലുറപ്പ് വിഭാഗം ജീവനക്കാർ, വാർഡ് മെമ്പർ, ഫീൽഡ്തല പ്രവർത്തനങ്ങൾക്കു സഹായിച്ച മേറ്റുമാർ ,സി.ഡി.എസ്.അംഗങ്ങൾ, ആശ പ്രവർത്തകർ,അംഗനവാടി ടീച്ചർ,പോതുജനംങ്ങൾ എന്നിവർക്കുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു.

സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മിനിട്സ്

ആലങ്ങാട് ബ്ലോക്കിലെ ആലങ്ങാട് പഞ്ചായത്തിലെ ഇരവിപുരം വാർഡ്ലെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കോട്ടപ്പുറം ഗവ.എൽ.പി.സ്കൂൾ വെച്ച് 2.20 pm നു തൊഴിലുറപ്പ് തൊഴിലാളികളുടെ ഈശ്വരാ പ്രാർത്ഥനയോട്കൂടി യോഗം ആരംഭിച്ചു.തൊഴിലുറപ്പ് തൊഴിലാളികളിൽ നിന്നും സുധ വിജയനെ യോഗത്തിന്റ അധ്യക്ഷനായി തൊഴിലാളികൾ തന്നെ തിരഞ്ഞെടുത്തു.തുടർന്ന് തൊഴിലാളികളിൽ ഒരാളായ വൽസല വിക്രമൻ, അധ്യക്ഷനെയും,തൊഴിലാളികളെയും,വാർഡു മെമ്പർ,നിർവഹണ ഉദ്യോഗസ്ഥർ,സോഷ്യൽ ഓഡിറ്റ് റിസോർസ് പെഴ്സൺമാർ,പൊതു ജനങ്ങൾ എല്ലവരെയും ഈ യോഗത്തിലേക്ക് സ്വാഗതം ചെയ്തു.അതിനുശേഷം അധ്യക്ഷൻ യോഗത്തെ അഭിസംബോദന ചെയ്തു സംസാരിച്ചു.അതോടൊപ്പം തൊഴിലാളികളുടെ കൂലി,തണൽ ,കുടിവെള്ളം,എന്നിവ കൃത്യമായി ലഭ്യമാക്കണം എന്ന് പറയുകയുണ്ടായി.ശേഷം ഏറണാകുളം സോഷ്യൽ ഓഡിറ്റ് ജില്ല റിസോഴ്സ് പേഴ്സൺ ശ്രീമതി ജൂലി ജോസഫ് തൊഴിലുറപ്പ് സോഷ്യൽ ഓഡിറ്റ് ഗ്രമസഭയെപ്പറ്റിയും അതിന്റെ ഉദ്ദേശലക്ഷ്യങ്ങളെപ്പറ്റിയും ,ഇതിന്റെ അവശ്യകാതയെപ്പറ്റിയും തൊഴിലാളികളോടും പൊതു ജനങ്ങളോടും സംസാരിച്ചു.തുടർന്ന് ആലങ്ങാട് ബ്ലോക്ക് റിസോഴ്സ് പേഴ്സൺ ശ്രീ .പ്രിൻസ് ഫ്രാൻസിസ് തൊഴിലുറപ്പ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.ഈ റിപ്പോർട്ടിൽ ആദ്യമായി തന്നെ തൊഴിലാളികളുടെ 10 അവകാശങ്ങളെപ്പറ്റി വിവരിച്ചു. അതിൽ ഒരു തൊഴിലാളി മാത്രമാണ് എഴുന്നേറ്റു നിന്ന് തങ്ങളുടെ ഒരാവകാശത്തെപറ്റി പറഞ്ഞത്.പിന്നിട് തൊഴിലാളികളുടെ അവകാശധിഷടിത നിരീക്ഷണങ്ങൾ വിവരിച്ചു.

- തൊഴിൽ കാർഡിന് ഉള്ള ഫോട്ടോയുടെ ചെലവ് തൊഴിലാളിതന്നെ വഹിക്കേണ്ടി വരുന്നു.
- നാലു തൊഴിലാളികൾക്ക് പുതിയ തൊഴിൽ കാർഡു ലഭ്യമായിട്ടില്ല.
- അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം,തണൽ എന്നിവ തൊഴിലാളികൾ തന്നെ ക്രമികരിച്ചിരിക്കുന്നതാണ്.
- എല്ലാവരും തന്നെ 5kmചുറ്റളവിൽ തന്നെയാണ് പ്രവർത്തി ചെയ്യുന്നത്.
- ഫയലിൽ മാസ്റ്റർ സർക്കുലർ പ്രകാരമുള്ള ഡിമാൻഡ് ഫോറം ഉണ്ടായിരുന്നില്ല.,മാത്രമല്ല അവർക്ക് കൈപ്പറ്റു രസീത് ലഭിക്കുന്നില്ല.
- പദ്ധതി ആസൂത്രണത്തിൽ തൊഴിലാളികളുടെ പങ്ക് കുറവാണു.

- എഫ്.ടി.ഓ. സമയാസമയങ്ങളിൽ തയ്യാറാക്കിയാലും തൊഴിലാളികൾക്ക് കൂലി വളരെ താമസിച്ചാണു ലഭിക്കുന്നത്.ആക്ട് പ്രകാരമുള്ള കൂലി ലഭിക്കുന്നുണ്ട്.
- സാമൂഹിക പരിശോദന കൃത്യമായി നടത്തുന്നതായി അറിയുവാൻ കഴിഞ്ഞട്ടില്ല.

തുടർന്ന് പരിശോധനക്ക് വിതെയമാക്കിയ 6 പ്രവർത്തി ഫയലുകളുടെ പ്രാഥമിക വിവരങ്ങൾ വായിച്ചു. പിന്നിട് വർക്ക് ഫയൽ എന്താണ് എന്നും ,22 ഡോകുമെന്റെസ്സപറ്റിയും ,സെവെൻ രജിസ്റ്ററർനെപ്പറ്റിയും തൊഴിലാളികൾക്ക് പരിജയപ്പെടുത്തി.തുടർന്ന് 6 പ്രവർത്തികളുടെ ഓരോന്നിന്റയും പ്രാഥമിക വിവരങ്ങളും, കണ്ടെത്തലുകളും വിവരിച്ചു.
പരിശോദനക്ക് വിതെയമാക്കിയ പ്രവർത്തികൾ

1,പെരിയാർ ട്ട പെരിയാർ നീർത്തടം തരിശു ഭൂമി/ പഴ്ഭൂമി കൃഷിക്കനുയോജ്യമാക്കൽ(1608001001/LD/240507)
2, പെരിയാർ ട്ട പെരിയാർ നീർത്തടം തരിശു ഭൂമി/ പഴ്ഭൂമി കൃഷിക്കനുയോജ്യമാക്കൽ(1608001001/LD/323745)
3,സില്റ്റ് നീക്കം ചെയ്തു ഭൂമി കൃഷിക്കനുയോജ്യമാക്കൽ(1608001001/LD/327494)
4,സില്റ്റ് നീക്കം ചെയ്തു ഭൂമി കൃഷിക്കനുയോജ്യമാക്കൽ(1608001001/LD/327495)
5,നല്ലേലിപ്പടി നടപ്പാത നിർമാണം(1608001001/RC/268697)
6,തൊഴുത്ത് നിർമാണം സ്മിത ജോസ്. (1608001001/IF/398285)

ഇതിൽ നാല് പ്രവർത്തികൾ കൃഷി മുന്നൊരുക്ക പ്രവർത്തികളാണ്.ആയതിനാൽ എല്ലാ തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുണ്ട്.എന്നാലും പ്രസ്തുത പ്രവർത്തികളുടെ ഡിമാൻഡ് ഫോറം, തൊഴിലാളികൾക്ക് കൈപ്പറ്റു രസീത് എന്നിവ ലഭിക്കുന്നില്ല. എഫ്.ടി.ഓ. എല്ലാ പ്രവർത്തികളുടെ ഒരുമിച്ചാണ് പ്രിന്റ് എടുത്തു പ്രതേകം സൂക്ഷിക്കുന്നതിനാൽ പ്രവർത്തിക്കു ആനുപാതികമായി എഫ്.ടി.ഓ. വേർതിരിച്ചു മനസില്ലക്കാൻ ബുദ്ധിമുട്ട് നേരിട്ടു. പൗരവിവര രേഖ (CIB) എങ്ങും ഉണ്ടായിരുന്നില്ല. സ്വാശ്രയസംഘത്തിന്റെ പ്രവർത്തനം ശുഷ്കമായതിനാലും,കൃഷി പരിപാലനം തൊഴിലാളികൾ തന്നെ ചെയ്യാത്തതിനാലും കൃഷിയുടെ ഫലം അവർക്ക് ലഭിക്കുന്നുണ്ടോ എന്നാ കര്യംത്തിൽ സംശയമാണ്. കാരണം കൃഷി പരിപാലനം ഭൂവുടമ തന്നെയാണ് ചെയ്യുന്നത്.ആദ്യ പ്രവർത്തിയായ (1608001001/LD/240507) ഇതിൽ ആകെയുള്ള 15 മസ്റ്റർ റോളിൽ 4 എണ്ണത്തിൽ വെട്ടിത്തിരുത്തലും, രണ്ടാമത്തെ പ്രവർത്തിയായി (1608001001/LD/323745) ൽ ആകെയുള്ള 18 മസ്റ്റർ റോളിൽ 4 എണ്ണത്തിൽ വെട്ടിത്തിരുത്തലും,
ഉണ്ടായിരുന്നു. കൂടാതെ ആദ്യ പ്രവർത്തി യിൽ 5 മസ്റ്റർ റോളുകൾ ബ്ലോക്കിൽ നിന്ന് പ്രിന്റ് എടുക്കാൻ താമസിച്ചതിനാൽ 42 , തൊഴിൽ ദിനങ്ങളും,രണ്ടാമത്തെ പ്രവർത്തിയിൽ 42 തൊഴിൽ ദിനങ്ങളും, മൂന്നാംമത്തെ പ്രവർത്തി യിൽ 43 ഉം, തൊഴിൽ ദിനങ്ങളും നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടു.മാത്രമല്ല ഈ നാലു പ്രവർത്തി കളുടെ എം. ബുക്ക് പ്രകാരമുള്ള അളവുകളും ഫീൽഡ് തലത്തിലെ അളവുകളും

വിവരിച്ചു.ശേഷം നല്ലേലിപ്പടി നടപ്പാത നിർമാണം എന്നാ പ്രവർത്തി ദുർഭ ല ജനവിഭാഗങ്ങളുടെ പ്രദേശത്താണ് ചെയ്തിരിക്കുനത്.CIB പ്രവർത്തി സ്ഥലത്ത് ഉണ്ടെങ്കിലും കൃത്യമായ അളവുകൾ പാലിച്ചല്ല സ്ഥാപിച്ചിരിക്കുന്നത്.,പ്രവർത്തി സ്ഥലത്ത് നിന്നും,സമീപ പ്രദേശത്തെ ജനംങ്ങളോട് സംസാരിച്ചതിൽ നിന്നും മനസില്ക്കാൻ സാദിച്ചത് ഈ പ്രവർത്തിയിൽ തൊഴിൽ എടുത്തത് കോണ്ട്രാക്ടർ ന്റ തൊഴിലാളികളാണ്.കൂടാതെ VMC സക്ഷ്യപത്രത്തിൽ സമീപ പ്രദേശത്തെ അംഗങ്ങളുടെ പേരും ,ഒപ്പുമാണ് രേഖപ്പെടുത്തിയിരിക്കുനത് .കൂടാതെ ആറാമത്തെ പ്രവർത്തിയായ തൊഴുത്ത് നിർമാണം സ്മിത ജോസ്ന്റ സ്ഥലത്ത് നിർമിചിട്ടുണ്ടായിരുന്നു. എന്നാൽ വെരിഫിക്കേഷൻ സമയത്ത് CIB മാറ്റി സ്ഥാപിച്ചിരിക്കുകയാണ്,മാത്രമല്ല പ്രസ്തുത ബോർഡിൽ പ്രവർത്തികളുടെ പ്രാഥമിക വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.തുടർന്ന് പ്രവർത്തി സ്ഥലത്ത് അടിസ്ഥാന സൗകാര്യങ്ങളെ കുറിച്ച് പ്രതിപാദിചു പ്രവർത്തി സ്ഥലത്ത് പ്രഥമ ശുശ്രുഷാ കിറ്റ് ഉണ്ടായിരുന്നു.,തൊഴില കാർഡ് എല്ലാവരുടെയും പ്രവർത്തി സ്ഥലത്ത് ഉണ്ടായിരുന്നു.എങ്കിലും വിവരങ്ങൾ ഭാഗിഗമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.എന്നാൽ സുരക്ഷ ഉപകരണങ്ങൾ ഒന്നും തന്നെ ലഭിക്കുന്നില്ല. അതിനുശേഷം നടന്ന ചർച്ചയിൽ എല്ലാവരും പങ്കെടുത്തു.ചർച്ചയിൽ ഒരു കർഷകൻ റിപ്പോർട്ടിന്‌ കുറിച്ച പരാമർശിച്ചു.ഈ റിപ്പോർട്ട് ഗൌരവമായികാണണം,ഗുരുതരമായ പ്രശ്നങ്ങൾ ഈ റിപ്പോർട്ടിൽ കാണുവാൻ സാദിച്ചു,തുടർന്നു ഇനി അവ ഉണ്ടാക്കാത്ത രിതിയിൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. കേരളത്തിൽ തൊഴിൽ ഇല്ലായ്മ കൂടുതലാണ് മറ്റൊരു തൊഴിലാളി അമ്മിണി 2016 ൽ തൊഴിൽ സ്ഥലത്ത് വെച്ച് അപകടം സംഭവിച്ചിട്ടും ബിൽ നല്ക്കിയിട്ടും അവർക്ക് ആനുകൂല്യം ലഭിച്ചില്ല എന്ന് പറയുകയുണ്ടായി. എന്നാൽ മറ്റൊരു തൊഴിലാളി പ്രവർത്തി സ്ഥലത്ത് വെച്ച് അപകടം സംഭവിച്ചപ്പോൾ അവർക്ക് ആനുകൂല്യം ലഭിച്ചെന്നു ആ സമയത്തെ മേറ്റ് ഓർമ്മിപ്പികുകയുണ്ടായി. മറ്റൊരു തൊഴിലാളി സുമ ജയൻ തൊഴിലാളി മരണപ്പെട്ടാൽ ധനസഹായം നൽക്കണം എന്ന് അഭിപ്രായപ്പെട്ടു.പിന്നിട് VMC അംഗങ്ങളായ ശ്രീ അശോകൻ സോഷ്യൽ ഓഡിറ്റ് ആവശ്യമാന്നെന്നും,തൊഴിൽ ദിനം 200 ആക്കണമെന്നും,പ്രവർത്തി സ്ഥലത്ത് ബോർഡ് നിർബ്ബന്ധമായും സ്ഥാപിക്കണമെന്നും, ഗ്രാമസഭയിൽ പദ്ധതി ആസൂത്രണം കാര്യക്ഷമമാക്കണമെന്നും, കൂലി സമയ ബന്ധിതമായി ലഭ്യമാക്കണമെന്നും ഉള്ള നിർദേശങ്ങൾ ഉന്നയിച്ചു.കൂടാതെ ലിസ പോൾ(VMC & ASHA WORKER) പ്രവർത്തി സ്ഥലം സന്ദർശിക്കറണ്ടെന്നും, ആരോഗ്യപരമായ കാര്യങ്ങൾ വിവരിച്ചു കൊടുക്കാറുണ്ടെന്നും, മരുന്നുകൾ എത്തിച്ചുനൽകരുണ്ടെന്നും, മാനസിക ഉല്ലാസത്തിനു തൊഴിലാളികൾക്ക് അവസരം ഉണ്ടാക്കനെമെന്നും ,സത്യസന്ധന്മായി തൊഴിൽ ചെയ്യണമെന്നും അഭിപ്രായപ്പെടുകയുണ്ടായി.അതിനുശേഷം ജില്ല റിസോഴ്സ് പേഴ്സൺ ഉം തൊഴിലാളികളും തമ്മിലുള്ള പരസ്പര ഇടപെടലിൽ കുറെ കാര്യങ്ങൾ അവരുമായി സംവതിക്കുകയുണ്ടായി. എന്തെന്നുവെച്ചാൽ തൊഴിൽ എങ്ങനെ ലഭിക്കുന്നു,തൊഴിലിനു അപേക്ഷിക്കരുണ്ടോ, കഴിഞ്ഞ സാബത്തിക വർഷം 150 തൊഴിൽ ലഭിച്ചോ, പ്രവർത്തിയുടെ അളവുകൾ നിർവഹണ ഉദ്യോഗസ്ഥർ

പറഞ്ഞുതരാർഉണ്ടോയെന്നു, തൊഴിൽ ചെയ്യതിനു ശേഷം അതിനെപ്പറ്റി അനുഷിക്കരുണ്ടോ,പ്രവർത്തി സ്ഥലത്ത് പണിയുമ്പോൾ ആവശ്യമായ് കൈയുറ,കാലുറ എന്നിവ പഞ്ചായത്തിൽ ആവശ്യപ്പെടരുണ്ടോ,അടിസ്ഥാന സൗകര്യങ്ങൾ എങ്ങനെ ലഭിക്കുന്നു എന്നിങ്ങനെയുള്ള കാര്യങ്ങൾ ചോദിച്ചു,ഇതിനു മറുപടിയായി തൊഴിലാളികൾ പറയുകയുണ്ടായി, മേറ്റ് മുഖേനയാണ് തൊഴിൽ ലഭിക്കുന്നത്,തൊഴിലിനു അപേക്ഷിക്കുന്നതിന് മുൻപുതന്നെ തൊഴിൽ ലഭിക്കുന്നു,നിരന്തരം മുടങ്ങുന്നവർക്ക് 150 തൊഴിൽ ലഭിക്കാറില്ല,തൊഴിൽ പൂർത്തിയായാൽ അതിനെപ്പറ്റി അനുഷിക്കാറില്ല,അളവുകൾ ഉദ്യോഗസ്ഥർ പറഞ്ഞു തരാറുണ്ട്, അടിസ്ഥാന സൗകര്യങ്ങൾ, പണിയുമ്പോൾ ആവശ്യമായ് കൈയുറ,കാലുറ എന്നിവ നിരന്ദരം പഞ്ചായത്തിൽ ചോദിച്ചിട്ട് ലഭിച്ചട്ടില്ല. പിന്നിട് ഒരു തൊഴിലാളിയുടെ മഴക്കുഴി യുടെ ശാസ്ത്രീയ വശങ്ങളെപ്പറ്റി വിവരിച്ചു.തുടർന്ന് ബ്ലോക്ക് റിസോർസ് പേഴ്സൺ തുടർന്നുള്ള വർഷങ്ങളിൽ ഗ്രാമസഭയാണ് സോഷ്യൽ ഓഡിറ്റ് ചെയ്യേണ്ടതെന്നും നിങ്ങൾ ഓരോരുത്തർ അതിനുവേണ്ട ക്രമീകരണം ഭാവിയിൽ ചെയ്യണമെന്നു പറയുകയുണ്ടായി.അതിനുശേഷം തൊഴിലുറപ്പ് ഓവർസിയർ കുറച്ചു കാര്യങ്ങൾക്ക് മറുപടി നൽകി.കഴിഞ്ഞ 10 വർഷമായി ഈ പദ്ധതിയിൽ പ്രവർത്തിക്കുന്നു ആധ്യമയിട്ടാണ് ഈ തരത്തില്ലുള്ള ഓഡിറ്റ് നടക്കുന്നത് ,വരും വർഷങ്ങളിൽ ഇതിന്റെ റിസൾട്ട് ഉണ്ടാകും.മാത്രമല്ല മസ്റ്റർ റോളിൽ വെട്ടിതിരുതൽ ഉണ്ടാവുന്നത് മനപ്പൂർവമല്ല തൊഴിലാളികൾ വിധ്യാസമില്ലയ്യയും,പ്രായകൂടുതൽ മൂലവും ആണ്.വളരെ കൃത്യമായ അളവ് പ്രകാരം തൊഴിൽ ചെയ്യാൻ തൊഴിലാളികൾക്ക് സാധിക്കുകയില്ല.പിന്നെ ഷീറ്റ് നൽകാത്തത് അവർ ഷീറ്റ് കെട്ടാൻ തയ്യറാല്ലത്തതിനലാണ്. മാത്രമല്ല കുടിവെള്ളം തൊഴിലാളികൾ തന്നെ കൊണ്ടുവരുന്നതാണ് നല്ലതെനും അവർ അഭിപ്രായപ്പെട്ടുകയുണ്ടായി.കൂടാതെ കൂലി സമയബന്ധിതമായി ലഭിക്കാൻ ആവശ്യമായ ഇടപെടൽ കേന്ദ്ര സർക്കാർ ന്റ ഭാഗത്ത് നിന്നും ഉണ്ടാകണം.വാർഡ് മെമ്പറുടെ പ്രതേക ഇടപെടെൽമൂലമാണ് തൊഴിലാളികൾക്ക് പെട്ടന്ന് തന്നെ തൊഴിൽ ലഭിക്കുന്നത്.പിന്നെ തൊഴിലാളികൾ ചെയ്യാ പ്രവർത്തി കാണാത്തത് മഴകാരണം പുല്ല നിറഞ്ഞതിനാലും, ചില സ്ഥലങ്ങൾ ഉടമസ്ഥൻ തന്നെ നികത്തിയതിനാലുംആണ്.അടുത്ത ഗ്രമാസഭാക്ക് മുൻപ് കുറെ കാര്യങ്ങൾ മെച്ചപ്പെടുത്താൻ ശ്രദ്ധിക്കാം.ശേഷം പാറക്കടവ് ബ്ലോക്ക് RP ജസ്റ്റിൻ മാത്യു ഷീറ്റ് കെട്ടുന്നത് തൊഴിലാളിയുടെ ഇഷ്ട്ടമാണ്,എന്നാൽ അത് നൽക്കേണ്ടതു പഞ്ചായത്ത് ന്റ ഉത്തരവാതിത്തമാണ്. മസ്റ്റർ റോൾ കൃത്യമായി തന്നെ സുക്ഷിക്കണം,തൊഴിൽ ഗ്രൂപ്പായി അപേക്ഷിക്കാവുന്നതാണ്,തൊഴിലാളികളെക്കുറിച്ച് യാദോരുവിതത്തിലുള്ള മോശം പരാമർശം റിപ്പോർട്ടിൽ ഉൾപ്പെടുത്തില്ല. സോഷ്യൽ ഓഡിറ്റ് ജനങ്ങൾക്ക് വേണ്ടി നിങ്ങളുടെ ഒരു പ്രതിനിതിയായി നിന്നാണ് ഞങ്ങൾ കണ്ട വിവരങ്ങൾ നിങ്ങള്ക്ക് പറഞ്ഞു തരുന്നതു.തുടർന്ന് പഞ്ചായത്ത് അംഗം എല്ലാവര്ക്കും നന്ദി പറഞ്ഞു.അധ്യക്ഷൻ യോഗ നടപടികൾ അവസാനിപ്പിച്ചു.

**നിർദേശങ്ങൾ/ഉന്നയിച്ച ആവശ്യങ്ങളും**

- അടിസ്ഥാനസൌകര്യങ്ങളായ തണൽ,കുടിവെള്ളം, ലഭ്യമാക്കണം.
- തൊഴിലാളികൾക്ക് കൈയുറ.ബൂട്ട,എന്നിവ ലഭ്യമാക്കണം,അതോടൊപ്പം പണിയായുധങ്ങളുടെ മൂർച്ച കൂട്ടുന്നതുനുള്ള തുകയും.
- (CITIZEN INFORMATION BOARD) പൗരവിവരരേഖ നിർബന്ധമായും പ്രവർത്തി സ്ഥലത്ത് സ്ഥപിക്കണം.
- ഗ്രാമസഭയിൽ തൊഴിലുറപ്പ് പ്രവർത്തി നിശ്ചയിക്കുന്നതിലും പദ്ധതി ആസൂത്രണത്തിലും തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പുവരുത്തണം.
- സോഷ്യൽ ഓഡിറ്റ് അത്യന്തപേക്ഷിതമാണ്.
- തൊഴിൽ ദിനംങ്ങൾ വർദ്ധിപ്പിക്കണം.
- കൂലി സമയബന്ധിതമായി ലഭ്യമാക്കണം..
- തൊഴിലുറപ്പ് കൂലി വർദ്ധിപ്പിക്കണം.
- ESI/പെൻഷൻ ലഭ്യമാക്കണം.
- തൊഴിൽ സമയം കുറക്കണം.
- തൊഴിലുറപ്പിൽ കാട്ടുവെട്ടി തെളിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തി ഉൾപ്പെടുത്തുക.
- തൊഴിലാളികൾക്ക് വേണ്ടി മാനസിക ഉല്ലാസ യാത്രകൾ സംഘടിപ്പിക്കുക.

എന്നി അവശ്യങ്ങളാണ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ ഉന്നയിച്ചത് എന്നാൽ ഇതുമായി ബന്ധപ്പെട്ട മറുപടി നല്കുന്നതിനു നിർവഹണ ഉദ്യോഗസ്ഥർ ഉണ്ടാവതിരുന്നതിനാൽ അടുത്ത ഗ്രാമസഭക്കുമുന്പ്പു ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കു തീരുമാനങ്ങൾ എടുക്കന്നുള്ള ക്രമീകരണങ്ങൾ ചെയ്യുംമെന്നു പ്രദീക്ഷിക്കുന്നു.